224

കമ്മഡീരൻ

783

അഥവാ

ബുക്കർ ടി. വാഷിങ്ങ്ടൻ.

MUNAVIRUL ISLAM L. S. SCHOOL.
Date.....
ERNAKULAM.

ഗ്രന്ഥകർത്താ:
ടി. കെ. കുഞ്ഞായ്പ്പൻ.

പ്രസാധകൻ:
സി. ഏ. കിട്ടുണ്ണി.

(Copy Right)

THE ASAN BOOK DEPOT,
Sawmill Road, Kurkanchery,
TRICHUR.

1186

ഈഞാനാ
ത്തൊഴിലാ പതിപ്പ്] 1114. [വില 5 ണ.

തൃശ്ശിവപേരൂർ

കേരളോദയം അച്ചുകൂടത്തിൽ അച്ചടിച്ചതു്.

അവതാരിക.

പരിശ്രമംകൊണ്ടു ശ്രീമാനാകാം എന്നതു സങ്കല്പത്തിലല്ല അനുഭവത്തിൽതന്നെ നല്ലവണ്ണം തെളിഞ്ഞിട്ടുള്ള ഒരു തത്വമാകുന്നു. മഹാന്മാരിൽ മിക്കവരുടേയും ജീവിതം അതിനുദാഹരണമായിരിക്കും. ബാലികാബാലന്മാർ ആ തത്വത്തിന്റെ മഹിമാതിശയം മനസ്സിലാക്കുവാൻവേണ്ടി തദ്വിഷ്കാരകങ്ങളായ ജീവചരിത്രങ്ങൾ പഠിക്കുന്നതു കൊള്ളാം. സരസമായ ഒരു കഥയിലോ ജീവചരിത്രങ്ങളിലോ അന്തർല്ലയിച്ചുകിടക്കുന്ന ആ തത്വം ബാലമനസ്സുകളിൽ എളുപ്പത്തിൽ പതിയുന്നതായിരിക്കും. "കമ്മ്ധീരൻ" എന്ന പുസ്തകം ആ ഉദ്ദേശത്തിനു് ഏറ്റവും പറ്റിയ ഒന്നാകുന്നു. അമേരിക്കയിലെ നീഗ്രോവർഗ്ഗത്തിൽ ജനിച്ചു് അടിക്കടി കഷ്ടപ്പാടുകൾ അനുഭവിച്ച പരിശ്രമശീലത്തിന്റെ ഉന്നമമായ പ്രചോദനത്താൽ ഉൽക്കഷ്ടത്തിന്റെ പടികൾ ഓരോന്നും തരണംചെയ്തു സ്വവംശീയരുടെ മാത്രമല്ല മാലോകരുടെയെല്ലാം അഭിനന്ദനസംഭാവനകൾക്കു പാത്രീഭവിക്കുമാറു ജീവിതത്തെ ശശ്വൽക്കരിച്ച ഒരു മഹാനുഭാവനാണു ബുക്കർ ടി. വാഷിങ്ടൻ. ആ കമ്മ്ധീരന്റെ ജീവിതം ആരെ പുളകംകൊള്ളിക്കുകയില്ല? ആരെ പരിശ്രമശീലനാക്കുകയില്ല?

ബുക്കർ ടി. വാഷിങ്ടൻ വിദ്യാഭ്യാസത്തെ വെറും ഇഷ്ടപ്രേരണമാത്രമല്ല ഉപജീവനോപായമായ കൈത്തൊഴിലും വാല്പനകൂടി ഉപകരിപ്പിച്ച വിജയംനേടിയ

ഒരു സമുദായപരിഷ്കർത്താവാകുന്നു. നീഗ്രോജാതിക്കാർ ആറിവും തൊഴിലുമില്ലാതെ കഷ്ടപ്പെട്ടിരുന്ന കഥ നല്ലപോലെ മനസ്സിലാക്കി അവരെ മേൽപ്പറഞ്ഞവിധം ഒരു വിദ്യാഭ്യാസപരിപടികൊണ്ടു് ഉദ്ധരിക്കുവാൻ അദ്ദേഹം ഭീഗ്ലമായ സ്വന്തം ജീവിതം മുഴുവൻ അപ്പിച്ചു; ആ അപ്പണം സഫലമാവുകയുംചെയ്തു. ജ്ഞാനത്തേയും തൊഴിലിനേയും ഗാഢമായി യോജിപ്പിച്ചുകൊണ്ടുള്ള വിദ്യാഭ്യാസത്തിന്റെ പ്രവർത്തനം ഉഷ്ണാന്തീകരിക്കുവാൻ ബുക്കർ ടി. വാഷിങ്ട്ടന്റെ യത്നങ്ങൾ വിശിഷ്യ ഉതകുന്നവയാണു്.

ഈ ഗ്രന്ഥത്തിന്റെ കർത്താവും ഒരു കർമ്മധീരനാണെന്നു് എനിക്കറിയാം. പ്രതികൂലങ്ങളായ സാഹചര്യങ്ങളെ ഉല്ലംഘിച്ചു ജീവിതമത്സരം ഒരുവിധം വിജയകരമായി നടത്തിപ്പോരുന്ന അദ്ദേഹത്തിന്റെ പേനസ്സു ഭുവനവിശ്രുതനായ ഒരു കർമ്മധീരന്റെ ചരിത്രമെഴുതുവാൻ പ്രത്യേകിച്ചൊരു പടുതപം ഉണ്ടായിരിക്കാമല്ലൊ. ഇപ്പുസ്തകത്തിലെ മിക്ക ഭാഗങ്ങളും ആ പടുതയുടെ ഫലമായ തന്മയീഭാവംകൊണ്ടു വിശേഷിച്ചു വിളങ്ങുന്നുണ്ടു്. കൊച്ചുകൊച്ചു വാചകങ്ങളിൽ എത്രയെത്ര കോമളവിചാരങ്ങൾ അദ്ദേഹം ഒതുക്കിയിരിക്കുന്നു. വായനക്കാർക്കു നായകന്റെ പേരിൽ ആദരവും അനുകമ്പയും ജനിപ്പിക്കുന്ന ഒരു മിഴിവു് പ്രതിപാദനത്തിന്നുണ്ടു കാണാം.

തൃശ്ശിവപേരൂർ,
2-1-114.

ജോസഫ് മുണ്ടശ്ശേരി, എം.എ.

മുഖവുര.

ശ്രീമാൻ സി. എ. കിട്ടണ്ണി അവർകളുടെ ആധിപത്യത്തിൽ തൂശ്ശൂർ നിന്നു പുറപ്പെട്ടിരുന്ന "ഗ്രാമീണ"ന്നു വേണ്ടി എഴുതിയതാണു് ഈ പുസ്തകത്തിലെ ഉള്ളടക്കം. അന്നിതു ബുക്കർ ടി. വാഷിങ്ങ്ടൻ എന്ന പേരിൽ പ്രസിദ്ധീകരിയ്ക്കപ്പെട്ടു. "ഗ്രാമീണ"ന്റെ ജീവചരിത്രപംക്തിയിലേയ്ക്കു് ഈ വിഷയം തിരഞ്ഞെടുക്കുന്നതിനു കാരണമുണ്ടു്. അജ്ഞതയിലും, അവശതയിലുമാണ്ടു്, രക്ഷാമാർഗ്ഗം ആരായുന്ന ഇന്ത്യൻ ഗ്രാമീണനു ബുക്കർ ടി. വാഷിങ്ങ്ടനും, ടസ്കേജിവിദ്യാലയവും അത്യുത്തമങ്ങളായ മാതൃകകളാകുന്നു.

ഭാരതീയനേതാക്കന്മാരുടെ ശ്രമം ഗ്രാമോദ്ധാരണവേലയിൽ കേന്ദ്രീഭവിച്ചിരിയ്ക്കയാണിപ്പോൾ. അക്ഷരവിഹീനതയും, തൊഴിലില്ലായ്മയും പ്രമാർജ്ജനംചെയ്തു ഗ്രാമങ്ങൾ സമുദ്ധരിയ്ക്കുവാൻ വെമ്പുന്ന യുവജനങ്ങൾ ടസ്കേജിവിദ്യാലയം അടിമകൾക്കുവേണ്ടി എന്തുചെയ്തു എന്നറിയുന്നതു പ്രയോജനകരമത്രെ. മഹാത്മജിയാൽ നിർദ്ദിഷ്ടമായ വാർദ്ധാപദ്ധതി സഫീകൃതമാകുന്നപക്ഷം ഇന്നത്തെ വിദ്യാഭ്യാസസമ്പ്രദായത്തിൽ സമൂലമായ പരിവർത്തനം തീർച്ചയാണു്. തൊഴിലില്ലായ്മയ്ക്കും, ഇപ്പോഴത്തെ രീതിയിലനുഭവപ്പെടുന്ന ജീവനില്ലായ്മയ്ക്കും വാർദ്ധാപദ്ധതി പരിഹാരനിർദ്ദേശം ചെയ്യുന്നു. മഹാ

തമ്മിൽ തയ്യാറാക്കിയ പുതിയ പദ്ധതിയും, ടസ്സേജിവിദ്യാലയം മുമ്പിനാലേ സ്വീകരിച്ചു നടപ്പാക്കിയ സമ്പ്രദായവും മിക്കവാറും ഒന്നു തന്നെയെന്നു പരിശോധിച്ചാലറിയാം. അബദ്ധവും, അപ്രായോഗികവുമെന്നു മഹാത്മജിയുടെ പദ്ധതിയെ ആമൂലാഗ്രം ഖണ്ഡിയ്ക്കുവാനൊരുങ്ങുന്നവരുടെ ആക്ഷേപങ്ങൾക്കു ടസ്സേജി ഇൻസ്റ്റിറ്റ്യൂട്ടിന്റെ ഇതഃപര്യന്തമുള്ള ചരിത്രം ശരിയായ സമാധാനം നൽകുന്നുണ്ട്.

മേല്പറഞ്ഞ കാരണങ്ങളാൽ എന്റെ ലേഖനം പുസ്തകരൂപമെടുക്കുന്നതു കൊള്ളാമെന്നു് അഭിപ്രായം ജനിച്ചതിന്റെ ഫലമാണു് ഈ കൃതി. സേവനോൽസുകരായ യുവജനങ്ങൾക്കു് ഇതല്പമെങ്കിലും ഉപകരിയ്ക്കാതിരിയ്ക്കയില്ലെന്നാണു് എന്റെ വിശ്വാസം. ഇതിന്റെ പ്രസാധകത്വം കയ്യേറ്റ ശ്രീമാൻ സി. എ. കിട്ടുണ്ണി അവർകളോടും, സമുജ്ജ്വലങ്ങളായ അവതാരികയാലും അഭിപ്രായത്താലും എന്നെ അനുഗ്രഹിച്ച സുപ്രസിദ്ധസാഹിത്യകാരന്മാരായ പ്രൊഫസർ ജോസഫ് മുണ്ടശ്ശേരി (എം. എ.) അവർകളോടും, ശ്രീ. കണ്ണൻ ജനാർദ്ദനൻ അവർകളോടും, മുദ്രണം ഭംഗിയായി നിർവ്വഹിച്ച കേരളോദയം പ്രസ്സ്സ്ഥാനത്തോടും ഞാൻ കൃതജ്ഞനായിരിക്കുന്നു.

അന്തിക്കാട്ട്,
1—1—114.

എന്നു്
ഗ്രന്ഥകർത്താ.

അഭിപ്രായം.

ബുക്കർ. ടി. വാഷിങ്ങ്ടന്റെ ഈ ശുഭചരിതം ഞാൻ ആദ്യന്തം വായിച്ചു. പ്രതിപാദനരീതികൊണ്ടു് ഈ കൃതി ഏറ്റവും ഹൃദയംഗമമായിട്ടുണ്ടു്. താണനിലയിൽനിന്നു് ഉയർന്നുകേറുന്നവർ അത്ര ദുർല്ലഭമല്ലെന്നിരിക്കിലും, താണനിലയിൽനിന്നു് സ്വന്തം സമുദായത്തോടുകൂടി ഉൽകൃഷ്ടത്തെ പ്രാപിക്കുന്നവർ ലോകത്തിൽ അരിമയാണു്. അങ്ങിനെ അഭിനവലോകത്തിന്നു് അരിമയായ മഹാപുരുഷനാണല്ലൊ ബുക്കർ, ടി. വാഷിങ്ങ്ടൻ. അദ്ദേഹത്തിന്റെ പുണ്യചരിതം കേരളത്തിലെ ഒരു അവശസമുദായാംഗം സ്വാനുഭവത്തെ ബുദ്ധിപൂർവ്വകം സ്മരിച്ചുകൊണ്ടു് സുഗമമായ ഭാഷയിൽ ഉജ്ജ്വലമായ വിചാരങ്ങളോടേ ചമച്ചപ്പോൾ അതു് ഇത്രയും ഹൃദയംഗമമായ്ത്തീർന്നതിൽ അത്ഭുതമില്ലാ. പുതിയൊരു വർണ്ണകാന്തി ഈ കൃതിയിൽ പരിശോഭിക്കുന്നുണ്ടെന്നു സഹൃദയന്മാർക്കു കാണാം. പഠിക്കേണ്ടുന്ന ചരിതം;— രസിക്കാവുന്ന ഭാഷ;— ഇതിലധികം മികവു് മറൊന്നുവേണം. ഗ്രന്ഥകാരന്റെ ഈ ഉദ്യമത്തെ ഞാൻ ഹൃദയപൂർവ്വം ശ്ലാഘിച്ചുകൊള്ളുന്നു.

കണ്ണൻ ജനാർദ്ദനൻ.

കർമ്മധീരൻ

അഥവാ

ബുക്കർ ടി. വാഷിങ്ങ്ടൻ.

പ്രാരംഭം.

അമേരിക്കയിലെ ഒരു അടിമസമുദായമായിരുന്ന നീഗ്രോ വർഗ്ഗം. അവരുടെ ജന്മഭൂമി അമേരിക്ക ആയിരുന്നില്ല. ബലം പ്രയോഗിച്ചു ജനങ്ങളെ പിടിച്ചു കച്ചവടം നടത്തുന്ന പതിവു പണ്ടുണ്ടായിരുന്നു. ആഫ്രിക്കാതീരങ്ങളിൽനിന്നും മറ്റും അങ്ങനെ പിടിച്ചു് അമേരിക്കയിൽ വില്ക്കപ്പെട്ടവരാണു നീഗ്രോക്കാർ. അവർ എണ്ണത്തിൽ കുറവല്ല. അമേരിക്കയിലെ ഒരു എണ്ണംപറഞ്ഞ സമുദായമായി ഇന്നവർ വർത്തിക്കുന്നു. നിയമദൃഷ്ട്യാ ഇന്നവർക്കു പരതിത്യമില്ല. എന്നാൽ ഒരു മുക്കാൽനൂറ്റാണ്ടിനു മുമ്പുവരെ അവരുടെ നില അതല്പായിരുന്നു. യജമാന്മാരായ വെള്ളക്കാരാൽ അന്നവർ മൃഗതുല്യം വളർത്തപ്പെട്ടു. ഒരു മനുഷ്യനാശിക്കാവുന്ന സുഖസൗകര്യങ്ങളൊന്നും ഒരു നീഗ്രോ അവകാശപ്പെട്ടതുടായിരുന്നു. യജമാനന്റെ ദയാബുദ്ധിക്കു വിധേയനായി അവൻ ജീവിക്കണം. യജമാനൻ മനസ്സു തെളിഞ്ഞു വല്ലതും നൽ

കിയെങ്കിൽ അവനു ഭക്ഷിയ്ക്കാം. യജമാനൻ കൊടുക്കുന്ന ഏതു വസ്ത്രവും അവൻ ധരിച്ചേക്കണം. യജമാനനിഷ്ടമായ ചെറുകൂരകളിൽ അവൻ പാർക്കണം. ഒന്നിച്ചു പാർക്കുവാൻ നീഗ്രോവിനു കൂട്ടുകിട്ടുന്നതു പലപ്പോഴും യജമാനൻസായ്പിന്റെ നായൊ, കുതിരയോ ആയിരിയ്ക്കും. ചോദ്യം ചെയ്വാനോ ആവലാതി പറയാനോ അവനധികാരമില്ല. സായ്പിന്റെ ആജ്ഞാകരനായി ഏതു ദുർഘടവേലയും ചെയ്തീർത്തു നികൃഷ്ടജീവിതം കൊണ്ടു നിർവൃതിയടയുന്നതു് അവന്റെ ചുമതലയാണു്.

അടിമയുടെ മേൽ അവന്റെ യജമാനൻസായ്പിനു പൂർണ്ണമായ അവകാശവും അധികാരവും ഉണ്ടു്. അടിമയെ അയാൾ പണം കൊടുത്തു വാങ്ങിയതാണു്. വിലയ്ക്കുകൊള്ളുന്ന കാലിയുടെ മേൽ ഏതു് അധികാരവും ചുമത്തുവാനുള്ള സ്വാതന്ത്ര്യം നമുക്കുണ്ടല്ലൊ. എന്നാൽ മാടുകളേതിനേക്കാൾ മോശമായിരുന്ന ഒരു അടിമയുടെ ജീവിതം. കാലികളെ അനുസരണമില്ലായ്മയ്ക്കു ശിക്ഷിയ്ക്കുന്ന നിയമങ്ങളോ, കോടതികളോ ഒരു നാട്ടിലും ഉള്ളതായി അറിവില്ല. യജമാനാജ്ഞയെ അതിലംഘിച്ച അടിമയ്ക്കാകട്ടെ, പ്രാചീനഗവർമ്മെണ്ടുകാർ നല്കിവന്ന ശിക്ഷ മരണമാണു്. മുഷ്ടിയിൽ പെടുക്കാരുടെ ഏതു മൃഗീയവികാരങ്ങൾക്കുള്ള പരിശാന്തിയ്ക്കും നീഗ്രോ വിധേയനായി. ആടോ, കോഴിയൊ പോലെ നീഗ്രോവും ചന്തയിൽകൊണ്ടുപോയി വില്പപ്പെട്ടു. കശാപ്പിനായി ചന്തയിലേയ്ക്കു് ആട്ടിയോടിയ്ക്കപ്പെടുന്ന ആ

R/1.L.

ട്ടിൻകൂട്ടത്തെ നിങ്ങൾ കണ്ടിരിയ്ക്കും. ആട്ടുകൾ ചിന്നിച്ചിതറിപ്പോകാതിയ്ക്കാൻ ഒരേ ചരടിൽ ബന്ധിക്കപ്പെട്ടിരിയ്ക്കും. ഗതിവേഗം കുറഞ്ഞവയും വ്യതിയാനം പറ്റുന്നവയും ഇടയന്റെ പ്രഹരമേറ്റു ദീനരോദനം പുറപ്പെടുവിയ്ക്കുന്നതും നിങ്ങൾ കേൾക്കാറുണ്ട്. ഏതാട്ടിശകാട്ടുകൾ നമ്മുടെ ഹൃദയം പിളർക്കുന്നതിനു പോരുന്നവയാണ്. ഇതിനേക്കാൾ കഠിനവും നീചവുമായവിധത്തിൽ വെള്ളക്കാർ അടിമകളോടു പെരുമാറിവന്നു. "വെള്ളക്കാരന്റെ സന്താനമായ ഒരു നീഗ്രോയുവതിയെ, വില്പനയ്ക്കു നിറുത്തിയിരിയ്ക്കുന്ന കുതിരകളെ അവയുടെ സാമർത്ഥ്യം കാണിയ്ക്കാൻ പ്രഹരിച്ചു ഓടിയ്ക്കുകയും ചാടിയ്ക്കുകയും ചെയ്യുന്നതുപോലെ ചാട്ടകൊണ്ടടിച്ചും കുത്തിയും പലവിധത്തിൽ ദേഹോപദ്രവംചെയ്തു നല്ല വില കിട്ടുന്നതിനായി അവളുടെ വിവിധചലനങ്ങളെ പ്രദർശിപ്പിയ്ക്കുന്നു" കാഴ്ചമൂലം ആർദ്രഹൃദയനായിട്ടാണ് എബ്രഹാം ലിങ്കൺ അടിമവ്യാപാരം തടയുവാനൊരുങ്ങിയതു്. ഇതുയും പ്രസ്താവിച്ചതിൽനിന്നു ദാസ്യവിമോചനം സിദ്ധിയ്ക്കുന്നതിനുമുമ്പു നീഗ്രോസമുദായം അനുഭവിച്ചിരുന്ന ദുരിതജീവിതം എത്ര അനുകമ്പാർഹമായിരുന്നിരിയ്ക്കണം എന്നു മനസ്സിലാക്കാം.

പ്രകൃതിയ്ക്കു നിയതമായ ഒരു സ്വഭാവമുണ്ട്. തന്റെ തുലാസിന്റെ ഇരുതട്ടുകളും തുല്യപ്പെടുത്തുന്നതിൽ അതീവജാഗ്രതകയാണവൾ. ഏതെങ്കിലും ഒരു തട്ട് ഏറെ പൊങ്ങുവാനോ, താഴുവാനോ അവൾ അനുവദിയ്ക്കയില്ല. സംഗതിവശാൽ ഒന്നിലെ തൂക്കം അല്പം

കുറഞ്ഞുപോകാൻ ഇടയായെന്നു വെയ്ക്കുക. ഉടനെ അവ ളുതിൽ ഭാരമേറിയ കുന്നിനെ നിക്ഷേപണംചെയ്ത തുക്കം ശരിപ്പെട്ടുന്നു. ഏതൊരു ജനവിഭാഗം അത്യധികം മർദ്ദിയ്ക്കപ്പെടുന്നുവോ, ഉടനെ സമർത്ഥനായ ഒരു സമുൽകൃഷ്ടപുരുഷൻ സംജാതനായി അതിനെ സമുദ്ധരിയ്ക്കുന്നു. ധർമ്മത്തിനു വിലോപം ഭവിച്ചു ദുഷ്കൃത്യങ്ങൾ സംവർദ്ധമാകുമ്പോൾ ദുഷ്കൃത്തുക്കളെ സംഹരിച്ചു ധർമ്മ സംസ്ഥാപനം ചെയ്യുന്നതിനായി ഭഗവാൻ യുഗംതോറും അവതരിയ്ക്കുമെന്ന ഗീതാവാക്യം പരമാർത്ഥമാണ്. മതപ്രവാചകന്മാർ, രാഷ്ട്രസമുദ്ധർത്താക്കൾ ആദിയായവർ ഈ തത്വത്തെ ഉദാഹരിയ്ക്കുന്നു.

അമേരിയ്ക്കയിലെ അടിമസമുദായവും ഈ പ്രകൃതിനിയമത്തിനു വിധേയമായി. നീഗ്രോസമുദായത്തെ സമുദ്ധരിയ്ക്കുവാൻ യഥാകാലം അവതീർണ്ണനായ മഹാപുരുഷനാണു ബുക്കർ ടി. വാഷിങ്ട്ടൻ. അമേരിയ്ക്കയിൽ അടിമവ്യാപാരത്തിനെതിരായി നിയമനിർമ്മാണം സാധിച്ചതു 1863-ലും അതിനു ഹേതുഭൂതൻ ദീനാനുകമ്പിയായ അന്നത്തെ പ്രസിഡണ്ടു എബ്രഹാം ലിങ്കൺ എന്ന വെള്ളക്കാരനുമാകുന്നു. എങ്കിലും അടിമസമുദായത്തെ മനുഷ്യസമുദായമാക്കി ഉയർത്തുവാൻ വേലചെയ്ത മഹാന്മാരിൽ പ്രാമുഖ്യം വഹിയ്ക്കുന്നതു ബുക്കർ ടി. വാഷിങ്ട്ടൻതന്നെയാണ്. അടിമയായി പിറന്നു വിദ്യാഭ്യാസത്തിനു സൗകര്യലേശം ലഭ്യമാകാതെ കൂലിപ്പണിയിൽ ശൈശവം നയിച്ച അദ്ദേഹം ഹൃദയാവർജ്ജകവും ആവേശജനകവുമായ ഒരു ജീവിതകഥയെ പ്രാ

നം ചെയ്തു. നാമംകൊണ്ട്, അമേരിക്കയുടെ സ്വാതന്ത്ര്യസമ്പാദകനും അവിടത്തെ ആദ്യത്തെ പ്രസിദ്ധനുമായ ജനറൽ വാഷിങ്ടനെ അനുസ്മരിപ്പിക്കുമെങ്കിലും ആ മഹാരഥന്റെ ശോഭായമാനമായ വംശപാരമ്പര്യമോ കുലമഹിമയോ ബുക്കർ വാഷിങ്ടനില്ല. ആരായിരുന്നു തന്റെ അച്ഛൻ; മാതൃസംബന്ധികളായി ആരെല്ലാമുണ്ടായിരുന്നു; ജനനവർഷം ഏതായിരുന്നു എന്നീ സംഗതികൾപോലും തിട്ടമായറിവാൻ അദ്ദേഹത്തിനു കഴിഞ്ഞിട്ടില്ല. അതുകൊണ്ട് അജ്ഞാതമായിരുന്ന ചരിത്രപുരുഷന്റെ പാരമ്പര്യം. തോന്നിയപോലെ ഇണ പിരിച്ചു വില്ലുപ്പൊട്ടുന്ന അടിമയുടെ പാരമ്പര്യം. അറിവാൻ കഴിവില്ലെങ്കിൽ അതു് അത്ഭുതമാണൊ? ഇപ്രകാരം അത്യഗാധവും അതിശോച്യവുമായ നിലയിൽ നിന്നാണു ബ്രിട്ടീഷുസാമ്രാജ്യത്തിന്റെ ചെങ്കോലണിഞ്ഞ ഗുണവതി വിക്ടോറിയാ മഹാരാജ്ഞിയുടെ ആതിഥ്യംപോലും ആജ്ജിയുത്തക്ക കൗൽകൃഷ്ട്യം അദ്ദേഹം നേടിയതു്. താദൃശനായ ഒരു മഹാത്മാവിന്റെ ജീവചരിതം വായിയുന്ന ഏതൊരാൾക്കാണു ഭാവുകോൽക്കർഷത്തിൽ ധൈര്യവും വിശ്വാസവും സമുൽഭ്രതമാകാതിരിയുക?

ശൈശവം.

ബുക്കറിന്റെ ജനനസ്ഥലം ഐക്യനാട്ടിൽ ഫ്രാങ്ക്ലിൻ അംശത്തിൽചേർന്ന ഒരിടമാകുന്നു. ക്രിസ്ത്വബ്ദം

1858-ലോ 59-ലൊ ആയിരിയ്ക്കണം ജനനം എന്നാണു ഹിയ്ക്കപ്പെടുന്നതു്. ശൈശവം "ഏറ്റവും നികൃഷ്ടവും, ഉത്സാഹശൂന്യവും, സങ്കടഭരിതവും" ആയിരുന്നു. യജമാനൻസായ്പിന്റെ തോട്ടത്തിൽ, കാറ്റും, മഴയും, വെയിലും നിരർത്ഥം പ്രവേശിയ്ക്കാൻതക്ക വഴുതുകളോടുകൂടിയ ഒരു ജീർണ്ണിച്ച കുടിലായിരുന്നു അദ്ദേഹത്തിന്റെ വസതി. ഒറ്റമുറിമാത്രമുണ്ടായിരുന്ന ആ പാഴ്കുടിലിൽ ബുക്കർ, സഹോദരൻ, സഹോദരി, അമ്മ ഇവരടങ്ങിയ ഒരു കുടുംബം പാർത്തുവന്നു.

ബുക്കറിന്റെ ശൈശവം ദുഃഖമയമായിരുന്നുവെന്നു മുമ്പേ പറഞ്ഞുവല്ലൊ. എട്ടു മൈൽ അകലെ സ്ഥിതിചെയ്യുന്ന ധാന്യപേഷണയന്ത്രശാലയിൽ ചെന്നു ദിവസംതോറും ഒരു ചാക്കു ധാന്യം പൊടിപ്പിച്ചുകൊണ്ടുവരുവാൻ ആ ചെറുബാലൻ നിയുക്തനായി. ആ ഇളംപൈതലിന്നു താങ്ങാവതല്ലായിരുന്നു ആ ജോലി. ചാക്കും താനും ഒന്നായി കുതിരമേൽനിന്നുരുണ്ടു താഴെ വീഴുകയും വീണ്ടും കയറ്റിവെയ്ക്കുവാൻ സഹായം ലഭ്യമാകാതെ വളരേനേരം വഴിയിലിരുന്നു കരയേണ്ടിവരികയും ചെയ്ക അവനു സാധാരണ സംഭവമായിരുന്നു. വളരെനേരം കാത്തശേഷം വല്ല വ്യക്തിയാലുംകൂടേയും സഹായം ലഭിച്ചാൽത്തന്നെയും നേരംവൈകാതെ തിരിച്ചെത്തുവാൻ സാദ്ധ്യമല്ല; വൈകിയെത്തിയാൽ പ്രഹരവുമായി.

അക്കാലത്തു് അടിമക്കുട്ടികൾക്കു ദത്തമായിരുന്ന വസ്ത്രം പരുത്തിതടിച്ച ഒരുതരം ചണനാരുതുണിയായി

രുന്നു. ബുക്കറിന്റെ മൃദുകളേബരത്തിന്നു് അതൊട്ടും അനുയോജ്യമായില്ല. ആ ഉടപ്പിടമ്പോഴൊക്കെ ദേഹംമുഴുവൻ മൊട്ടുസൂചി തറച്ചാലുണ്ടാകുന്ന വേദന അനുഭവിച്ചിരുന്നതായി അദ്ദേഹം ആത്മകഥയിൽ പ്രസ്താവിയ്ക്കുന്നു.

1863-ൽ അടിമകൾക്കു ദാസ്യവിമോചനം പ്രഖ്യാപിയ്ക്കപ്പെട്ടു. സേവാൽക്കഷ്ത്തിനായി വേലചെയ്യാനും, യഥേച്ഛം സഞ്ചരിയ്ക്കുവാനും അവർക്കു സ്വാതന്ത്ര്യം ലഭിച്ചു. ചിറ്റപ്പന്റെ നിർദ്ദേശമനുസരിച്ചു ബുക്കർകൂടും ബം വശ്ചിമവർജ്ജീനിയായിലേയ്ക്കു താമസം മാറ്റി. ഈ മാറ്റവും സ്വാതന്ത്ര്യവും ആ ചെറുബാലനു് അണുവും ആശ്വാസം പ്രദാനം ചെയ്തില്ല. ചിറ്റപ്പനുവേണ്ടി അവനും, സഹോദരനും വെളപ്പാൻ അഞ്ചുനാഴികമുമ്പേ ലവണഖനിയിൽ വേലക്കിറങ്ങേണ്ടിയിരുന്നു.

അവന്റെ ജീവിതഗ്രന്ഥത്തിന്നു് ഒരു പ്രധാനാദ്ധ്യായം കുറിയ്ക്കപ്പെട്ടതു് ഇവിടെവെച്ചായിരുന്നു. ചിറ്റപ്പൻ ഉപ്പു നിറച്ചിരുന്ന പീപ്പയുടെ '18' എന്ന നമ്പർ അവൻ നോക്കി പഠിച്ചു. ഇതായിരുന്നു യഥാർത്ഥത്തിൽ അവന്റെ വിദ്യാരംഭം. പുത്രന്റെ വിദ്യാഭ്യാസാർത്ഥി അമ്മയെ വ്യാകുലപ്പെടുത്തി. അവർ എങ്ങനെയോ ഒരു ബാലപാഠം അവനു സമ്പാദിച്ചുകൊടുത്തു. ഒരു നിധികിട്ടിയാലെന്നപോലെ അവൻ സന്തോഷിയ്ക്കുകയും, പുസ്തകം സ്വയം പഠിയ്ക്കുവാനാരംഭിയ്ക്കുകയുംചെയ്തു. കുട്ടിയുടെ ഉത്സാഹവും, പരിശ്രമശീലവും കണ്ടു, രാവിലെ

ഒമ്പതുമണിവരേയും സ്കൂൾവിട്ടശേഷം രണ്ടു മണിക്കൂർ നേരവും ഖനിയിൽ വേലചെയ്യുന്നപക്ഷം അവനെ സ്കൂളിലയയ്ക്കാമെന്നു ചിറപ്പൻ സമ്മതിച്ചു. ജ്ഞാനതൃഷ്ണനായ ബുക്കർ ആ സൗകര്യം ശരിയ്ക്കുപയോഗപ്പെടുത്തുവാൻതന്നെ തീച്ചപ്പെടുത്തി. ആ കരാറിൽ ദുസ്തരമായ ഒരു വൈഷമ്യം അടങ്ങീട്ടുണ്ടെന്നു് അവൻ അറിഞ്ഞില്ല. നാലു മൈൽ ദൂരെയാണു വിദ്യാലയം. അധ്യയനാരംഭം രാവിലെ ഒമ്പതുമണിയ്ക്കുമാണു്. ഒമ്പതുമണിയ്ക്കു ജോലിനിറുത്തി, നാലു നാഴിക കാൽനടയായി സഞ്ചരിച്ചു് ഒമ്പതുമണിയ്ക്കുതന്നെ സ്കൂളിലെത്തുക ആരെക്കൊണ്ടും സാദ്ധ്യമല്ലല്ലൊ. എന്നാൽ അസാദ്ധ്യതയെക്കുറിച്ചാലോചിയ്ക്കുവാനൊ ഉദ്യമത്തിൽനിന്നു പിൻവാങ്ങുവാനോതയ്യാറുള്ളവനല്ലായിരുന്നു നമ്മുടെബാലൻ. ഉദ്ദേശസാദ്ധ്യത്തിനായി അവൻഒരു സൂത്രപ്രയോഗത്തിന്നുതന്നെ മുതിർന്നു. അവൻ എട്ടരമണിയ്ക്കു് ആരുംകാണാതെ ആപ്പീസ്സുമുറിയിൽ കടന്നു ഘടികാരത്തിന്റെ സൂചി ഒമ്പതിലേയ്ക്കു മാററിവെച്ചു തന്റെ കായ്യം നേടി. എന്നാൽ 'ഇരുട്ടുകൊണ്ടു കാട്ടയടയ്ക്കു'ന്ന ഈ സൂത്രം ഏറെ നീണ്ടുനിന്നില്ല. പഴയപടി ലവണഖനിയിൽ പകൽമുഴുവൻ വേലചെയ്യാൻ അവൻ പോകേണ്ടിവന്നു. അവന്റെ അദ്ധ്യേതൃവൃത്തി തല്ക്കാലം അങ്ങനെ അവസാനിച്ചു.

വിദ്യാഭ്യാസം.

ലവണഖനിയിലും കല്ലൂരിഖനിയിലും ബുക്കർ ശ്രമാവഹമായ വേല ചെയ്യേണ്ടിവന്നു. അപ്പോഴും ആ ഖനിൽ വിദ്യാഭ്യാസം ചെയ്യേണമെന്ന മോഹം ആളിക്കത്തിക്കൊണ്ടിരുന്നു. ഖനം കീഴാക്കിപ്പിടിച്ചാൽ തീജ്വാല മേലോട്ട കുതിച്ചുകയറുന്നതു സ്വാഭാവികമാണല്ലൊ. എന്നാൽ ഖനിയിലെ പ്രവൃത്തി തന്റെ വിദ്യാഭ്യാസത്തെ തടയുമെന്നു് അവൻ കണ്ടു. തടസ്ഥങ്ങളെ ജയിക്കാനുള്ള മാർഗ്ഗങ്ങളെ അവൻ ആരായുവാൻ തുടങ്ങി. തൽഫലമായി ഖനിയുടമസ്ഥന്റെ ഭാര്യയായ റഫ്നർമദാമ്മയുടെ ഭൃത്യത സ്വീകരിയ്ക്കുവാൻ അവനു സാധിച്ചു. കണിശക്കാരിയും, കടുപ്പക്കാരിയുമായ ആ മദാമ്മ സേവകവൃത്തിയിൽ ആരാലും സന്തോഷിപ്പിയ്ക്കപ്പെടുവാൻ കഴിയാത്തവർ എന്നു പേരെടുത്തവരായിരുന്നു. എന്നാൽ അവരുടെ വാത്സല്യഭാജനമാകാൻ ബുക്കറിനു് ഒരു പ്രയാസവും ഉണ്ടായില്ല. കൃത്യനിഷ്ഠയും, ആത്മാർത്ഥതയും അവനെ വിജയിയാക്കി. "തനിയ്ക്കുണ്ടായിട്ടുള്ള ഉന്നോൽക്കർഷത്തിൽ ഏതാനും ഭാഗം ഈ കാലത്തു തന്നിലുണ്ടായ സ്വഭാവസംസ്കാരത്തിന്റെ പരിണാമമായിരുന്നു" എന്നദ്ദേഹം അഭിപ്രായപ്പെടുന്നു.

റഫ്നർമദാമ്മയൊരുമിച്ചുള്ള വാസം സ്വയം പഠിയ്ക്കുവാൻ അവനു സമയം നൽകി. അതുകൊണ്ടു് അവൻ തൃപ്തിപ്പെട്ടില്ല. കലയും കൃഷിതന്ത്രവും ഒരുമി

ച്ചു പഠിപ്പിച്ചുവന്ന ഒരു വിദ്യാലയം ഫാംപ്ടനിലുണ്ടായിരുന്നു. ആ വിദ്യാലയത്തിൽ ചേർന്നു പഠിയ്ക്കുവാൻ ബൂക്കർ ആശിച്ചു. അതിന്നാവശ്യമായ പണമുണ്ടാക്കാമല്ലൊ എന്ന ആശ്വാസത്തോടെയാണ് അവൻ റഫ്നർ മദാമ്മയുടെ ഭൃത്യനായിത്തീർന്നത്. എന്നാൽ അവിടേയും ചിറ്റപ്പൻ പ്രതിബന്ധമായി കാണപ്പെട്ടു. ചിറ്റപ്പന്റെ കീഴിൽ താമസിയ്ക്കുന്നിടത്തോളംകാലം പഠിപ്പിന്നാവശ്യമായ പണം ശേഖരിയ്ക്കുക അവനു സാദ്ധ്യമായിരുന്നില്ല. ആകയാൽ ഫാംപ്ടനിലേയ്ക്കു വെറും കയ്യുമായി പുറപ്പെട്ടുവാൻതന്നെ അവൻ തീർച്ചപ്പെടുത്തി. ദാരിദ്ര്യം ആ ജ്ഞാനോത്സുകനു് ഒരു തടസ്ഥമായി തോന്നിയില്ല. "കുതിച്ചു രത്നാകരസഖ്യമാളും കുലകുഷയ്ക്കു" തീരവൃക്ഷം മാർഗ്ഗനിരോധമാകുമോ?

500 മൈൽ പണമില്ലാതേയും കൂട്ടില്ലാതേയും യാത്രചെയ്യാൻ ആ "സാഹസിബാലകൻ" പുറപ്പെട്ടു. വെറും സാഹസമാണു താൻ ചെയ്യുന്നതു് എന്നറിയാൻ മാത്രം തൻറേടം അവനില്ലായിരുന്നുവോ? ഉണ്ടായിരുന്നു. എന്നാൽ പ്രയാസങ്ങളെ കൂസുന്ന ശീലം അവനറിഞ്ഞുകൂടായിരുന്നു. തന്റെ ഉദ്യമങ്ങൾക്കെതിരായി നില്ക്കുന്ന തടസ്ഥങ്ങളെ, എത്ര ഭീമങ്ങളായിരുന്നാലും, തകർത്തു മുന്നോട്ടു കുതിയ്ക്കുവാൻ ഒരു പ്രത്യേകവാസന അവനിൽ നിലീനമായിരുന്നു. ഇന്നത്തെ യാത്രാസൗകര്യങ്ങളൊന്നും അന്നുണ്ടായിരുന്നില്ല. കുറെ ദൂരം കുതിരയെപ്പൂട്ടിയ തപാൽവണ്ടിവഴിയും ഏതാനും ഭാഗം പുകവണ്ടിയിലും അവനു സഞ്ചരിയ്ക്കാമായിരുന്നു. അവ

ന്റെ ദാരിദ്ര്യം അതിനനുവദിച്ചില്ല. വിശ്രമത്താവ
ളങ്ങളായ സത്രങ്ങളിൽ കരുപ്പവസ്തുത്തിനു പ്രവേശം
നിഷേധിയ്ക്കപ്പെട്ടിരുന്നു. തന്നിമിത്തം വിശ്രമത്തി
നു സൗകര്യമില്ലാതെയും, ഭക്ഷണത്തിനു വഴിയില്ലാ
തെയും അവൻ വലഞ്ഞു. വഴിയിൽ കിടന്നു മരിയ്ക്കുമൊ
എന്നുകൂടി അവൻ പലകുറി ശങ്കിച്ചു. എന്നി
ട്ടും ആ ധീരബാലൻ നിരാശനായില്ല. ഇടക്കിടെ
വഴിയ്ക്കുതങ്ങിനിന്നു കൂലിപ്പണിയെടുത്തു ഭക്ഷണം സ
മ്പാദിച്ചും, കാൽനടയായി സഞ്ചരിച്ചും ഒരുവിധം
ഹാംപ്ടനിൽ എത്തിച്ചേർന്നു; അധികൃതരെ കണ്ടു വി
ദ്യാലയത്തിൽ പ്രവേശമർത്ഥിച്ചു. വിദ്യാലയത്തിൽ ചേ
രുവാൻ വന്ന ചേന്ന നീഗ്രോബാലന്മാർ വേറെയും പ
ലരുണ്ടായിരുന്നു. ബുക്കറിന്റെ മലിനവും, പ്രാകൃതവു
മായ വേഷം കണ്ടു പ്രധാനാദ്ധ്യാപിക മറ്റുള്ളവരോ
ടൊപ്പം അവനെ ക്ലാസ്സിലേയ്ക്കയച്ചില്ല. ഒരു മൂറി അടി
ച്ചുവാരുവാൻ അവൻ നിയുക്തനായി. ബാലൻ വല്ലാ
തെ കണ്ടിതപ്പെട്ടു. എങ്കിലും തന്നെ ഏല്പിയ്ക്കുന്ന ഏതു
വേലയും കൃത്യമായും, സൂക്ഷ്മതയോടുകൂടിയും ചെയ്തീ
ർക്കുവാൻ ശീലിച്ചിരുന്ന ബുക്കർ ചൂലുമായി മുറിയിൽ ക
ടന്നു. മുറി പല പ്രാവശ്യം അടിച്ചുവാരി. മേശ, കസേ
ല ആദിയായ ഉപകരണങ്ങൾ പല പരിവർത്തി തുട
ച്ചു വെടിപ്പു വരുത്തി എല്ലാം യഥാസ്ഥാനം നിരത്തി
വെച്ചു. ഏതാനും നിമിഷങ്ങൾക്കുശേഷം മദാമ്മ സമാ
ഗതയായി. മേശയും, കസേലയും അവർ കൈലേസു
കൊണ്ടു തുടച്ചുനോക്കി. അലക്കിത്തേച്ച വെള്ള ഉറുമാ

ലിൽ പുരമൂവാനുള്ള വങ്കംപോലും ഒന്നിലും അവശേഷിച്ചിരുന്നില്ല. സ്വകൃത്യനിവ്വഹണത്തിൽ ബുക്കർ കാണിച്ച നിഷ്ഠയും സൂക്ഷ്മതയും ആ മഹതീരത്നത്തെ സന്തുഷ്ടയാക്കി. ഹാംപ്ടൻ വിദ്യാലയത്തിലെ ഒരു വേലക്കാരനും വിദ്യാർത്ഥിയുമായി അവൻ സ്വീകരിയ്ക്കപ്പെട്ടു.

മൂന്നു വർഷക്കാലംകൊണ്ട് ആ കലാലയത്തിലെ അധ്യയനം പൂർത്തിയാക്കി ബിരുദധാരിയായി അദ്ദേഹം പുറത്തുവന്നു. ഈ കാലത്തിനിടയ്ക്ക് അയാൾ അനുഭവിയ്ക്കേണ്ടിവന്ന ക്ലേശങ്ങൾക്കു സീമയില്ല. ഭക്ഷണം, വീസ്സു, പുസ്തകം ഇവയ്ക്കൊന്നിനും അവന്റെ കയ്യശം പണമുണ്ടായിരുന്നില്ല. ഭക്ഷണച്ചിലവിന്നാവശ്യമായ പത്തു ഡോളർ അധികൃതസ്ഥാനത്തുനിന്നു് ഇളച്ചുകൊടുത്തു. പ്രതിവർഷം വീസ്സുകൊടുപ്പാൻവേണ്ടിവന്ന 70 ഡാളർ അവന്റെ ഉത്സാഹശീലം കണ്ടു് ഒരു വെള്ളക്കാരൻ ദാനം ചെയ്തു. പുസ്തകങ്ങൾ സതീർത്ഥ്യന്മാരോടു് ഇരവു വാങ്ങി വായിച്ചു. അലക്കു മുതലായ വേലകൾ സ്വയം നിവ്വഹിച്ചു. ഒരുകൊല്ലം മുഴുവൻ ഒറ്റ കാലുറകൊണ്ടു കഴിച്ചുകൂട്ടി. എന്നിട്ടും ആ വിദ്യാർത്ഥിയെ വൃത്തിഹീനനായി, ഏതദ്വിഷയത്തിൽ കണിശമേറിയ വിദ്യാലയാധികൃതന്മാർക്കു് ഒരിയ്ക്കലെങ്കിലും കാണുവാൻ കഴിഞ്ഞിട്ടില്ല.

ഒഴിവുകാലങ്ങളിൽ വിദ്യാർത്ഥികൾ സ്വദേശങ്ങളിലേയ്ക്കു മടങ്ങിപ്പോകുക പതിവാണു്. അപ്പോഴൊക്കെയും നമ്മുടെ സാധു നീഗ്രോബാലൻ ചോറിന്നുവേണ്ടി ചായപ്പീടികകളിൽ കൂലിപ്പണി ചെയ്യുകയായിരിയ്ക്കും.

ക

1875-ലാണു ബുക്കർ കലാലയം വിട്ടതു്. അവൻ പ്രശസ്തമാംവണ്ണം വിജയം നേടീട്ടുണ്ടു്. സതീർത്ഥ്യന്മാർ ഓരോരുത്തരായി സ്വദേശങ്ങളിലേയ്ക്കു യാത്രതുടങ്ങി. സ്വന്തക്കാരെ കാണുവാനുള്ള ഉൽക്കണ്ഠ അവനേയും ബാധിച്ചു. പാവം! അവനെന്തുചെയ്യും. വഴിച്ചിലവിനു വേണ്ട പണം സഹപാഠികളോടു യാചിച്ചു വാങ്ങുവാൻ അഭിമാനം അവനെ അനുവദിച്ചില്ല. അവശേഷിച്ച ഒരു ജോടി ഉടുപ്പു് അവൻ കിട്ടിയ കാശിനു വിറുകളഞ്ഞു. ഒന്നരണ്ടു നേരത്തെ ഊണിനുമാത്രം അതു സഹായിച്ചു. "വിണ്ടലത്തെങ്ങാൻ വിളങ്ങേണ്ട താര"മായ ആ അഭ്യസ്തവിദ്യൻ, ബിരുദധാരിയായ ഒരു കോമളയുവാവു്, കൂലിപ്പണിയന്വേഷിച്ചു തെരുവിൽ തെണ്ടിത്തിരിഞ്ഞു. നാട്ടിലെത്താൻ മതിയായ പണം കയ്യശം വന്നു ചേരുന്നതുവരെ അവൻ ഒരു ഭോജനാലയത്തിൽ ഭൃത്യനായി വേലചെയ്തു. പ്രസ്തുത ഭോജനശാലയുടെ അധികർത്തന്മാരിൽനിന്നതന്നെ ബുക്കറിനു് അനന്തരകാലത്തിൽ വമ്പിച്ച സ്വീകരണവും, സൽക്കാരവും ലഭിയ്ക്കുവാൻ ഇടവന്നിട്ടുണ്ടു്.

പൊതുസേവനതല്പരത.

നീഗ്രോസമുദായത്തിന്റെ സമുദ്ധരണം ബുക്കർ വാഷിങ്ടന്റെ ചിന്താപഥത്തെ സദാ ബാധിച്ചുകൊണ്ടിരുന്നു. ഊണിലും, ഉറക്കിലും, പഠിപ്പിലും അവൻ അതുതന്നെ സ്വപ്നംകണ്ടു. വിദ്യാഭ്യാസം കഴിഞ്ഞു നാ

ട്ടിലെത്തിയ ഉടനെ അവൻ തന്റെ സ പ്നം പാരമാ ത്ഥികതപത്തിലേയ്ക്കു വിവത്തനം ചെയ്യാൻ ശ്രമംതുട ങ്ങി. പകലും, രാത്രിയും നടത്തുന്ന രണ്ടു വിദ്യാലയ ങ്ങൾ സ്ഥാപിതങ്ങളായി. മുപ്പതും, നാല്പതും കഴിഞ്ഞ 'മുതുക്ക'ന്മാരായിരുന്ന വിദ്യാത്ഥികളിൽ അധികവും. കൂട്ടത്തിൽ സ്ത്രീകളും ഉൾപ്പെട്ടിരുന്നു. വിദ്യാലയങ്ങളോ ടുചേർന്നു വായനശാലയും, വിവാദസമിതികളും നടത്ത പ്പെട്ടു.

ഫാംപ്ടൻ വിദ്യാലയത്തിലേയ്ക്കു പ്രാപ്തന്മാരായ വിദ്യാത്ഥികളെ സൃഷ്ടിയ്ക്കേണമെന്നേ ബുക്കർ ഉദ്ദേശിച്ചി രുന്നുള്ളൂ. അതു ക്ഷണേന സാധ്യമായി. അതിനുപുറമെ തന്റെ സഹോദരൻ, ദത്തസഹോദരൻ ഇവരെ ഫാം പ്ടനിലയച്ചു പഠിപ്പിയ്ക്കുവാൻ ആവശ്യമായ സമ്പാദ്യ മുണ്ടാക്കുവാനും സാധിച്ചു. സ്വാഭിലാഷങ്ങൾ ബലിചെ യ്തും വിദ്യാഭ്യാസത്തിനു ബുക്കറെ സഹായിച്ചുകൊണ്ടിരു ന്നവരാണ് അവർ.

ചരിത്രപുരുഷൻ രണ്ടുവർഷം അധ്യാപനവൃത്തി യിൽ കഴിച്ചു. ഉപരിവിദ്യാഭ്യാസത്തിനുള്ള മോഹം അ ദ്ദേഹത്തിൽ ഉദ്ദീപ്തമായി. വേഗം വാഷിങ്ടനിലേയ്ക്കു തിരിച്ചു. അടിമക്കച്ചവടം തടയപ്പെട്ടതുമൂലം, ദാസ്യവി മുക്തരായ നീഗ്രോക്കാർ കൂട്ടമായി അധിവാസമുറപ്പിച്ച പ്രദേശമത്രെ വാഷിങ്ടൻ. ആകയാൽ സ്വവർഗ്ഗീയരാ യ മഹതീമഹാന്മാരിൽ വളരെ പേരുടെ പരിചയം സമ്പാദിയ്ക്കുവാൻ അദ്ദേഹത്തിനു കഴിഞ്ഞു.

വാഷിങ്ടനിൽ പല നല്ല വിദ്യാലയങ്ങളുണ്ടായിരുന്നു. ഒന്നിലും തൊഴിൽപരിശീലനം നൽകപ്പെട്ടിരുന്നില്ല. ഇതു് വിദ്യാഭ്യാസത്തിനു വലിയൊരു ന്യൂനതയായി ബുക്കറിനു തോന്നി. സ്വജാതീയരുടെ നടപടിക്രമങ്ങൾ ആരാഞ്ഞു പഠിയ്ക്കുവാനും, നിരൂപണം ചെയ്യുവാനും അദ്ദേഹം ശ്രമിച്ചു. അവസരങ്ങൾ അദ്ദേഹത്തെ സഹായം പ്രാപിയ്ക്കുകയും ചെയ്തു.

നീഗ്രോവർഗ്ഗത്തിൽ വിദ്വാന്മാരും ധനാഢ്യരും ഉണ്ടായിരുന്നു. എങ്കിലും ജനസാമാന്യം അന്തസ്സാരവിഹീനരും, ഭാവിചിന്തയില്ലാതെ അനുകരണത്തിലും, ആഡംബരത്തിലും ഭ്രമിയ്ക്കുന്നവരും ആയി കാണപ്പെട്ടു. അവരെ നാട്ടിൻപുറങ്ങളിൽ പാപ്പിച്ചു വാണിജ്യവ്യവസായങ്ങളിൽ പ്രവേശിപ്പിയ്ക്കുന്നതു അഭിലഷണീയമാണെന്നു് അദ്ദേഹം വിശ്വസിച്ചു.

ബുക്കറിന്റെ വാഷിങ്ടൻ ജീവിതം അവസാനിയ്ക്കാറായി. "നീഗ്രോ തലസ്ഥാനം ഒന്നിൽനിന്നു മറെറാന്നിലേയ്ക്കു മാറി സ്ഥാപിയ്ക്കണമെന്നു" ഗവർമ്മേണ്ടുദ്ദേശിച്ചിരുന്നു. തത്സംബന്ധമായി വേണ്ട അന്വേഷണങ്ങൾ നടത്തി ജനാഭിപ്രായമറിയുവാനും, ഭൂരിപക്ഷം സ്ഥിരപ്പെട്ടുന്ന സ്ഥലം ഏതെന്നു റിപ്പോർട്ടു ചെയ്യുവാനും ബുക്കർ നിയോഗിയ്ക്കപ്പെട്ടു. അതദ്ദേഹം വിജയപൂർവ്വം നിർവ്വഹിയ്ക്കുകയും, ഗവർമ്മേണ്ടിന്റെയും പൊതുജനങ്ങളുടേയും പ്രശംസയ്ക്കു പാത്രീഭവിയ്ക്കുയും ചെയ്തു.

ബുക്കർ ടി. വാഷിങ്ടന്റെ മേന്മകളെ ജനങ്ങൾ അറിയുവാനും അംഗീകരിയ്ക്കുവാനും തുടങ്ങി. ഹാംപ്

ടൻ വിദ്യാലയത്തിന്റെ വാഷികദിനത്തിൽ ഒരു ഉപന്യാസം വായിയ്ക്കുവാൻ അദ്ദേഹം ക്ഷണിയ്ക്കപ്പെട്ടു. 'വിജയലബ്ധിയ്ക്കുള്ള കഴിവുകൾ' എന്ന വിഷയത്തെക്കുറിച്ച് എഴുതപ്പെട്ട അന്നത്തെ ഉപന്യാസം അദ്ദേഹത്തെ വിജയസോപാനത്തിൽ ഒരു പടികൂടി കയറ്റിവിട്ടു.

കഥാപുരുഷനെ കാണുവാൻ ഇനി നമുക്കു ഹാംപ്ടനിലേയ്ക്കു തിരിയ്ക്കുക. ഇന്നദ്ദേഹം അവിടത്തെ ഒരു വിദ്യാർത്ഥിയല്ല. ക്ഷുത്തടക്കാൻ വഴി കാണാതെ തെരുവുകൾതോറും തെണ്ടിത്തിരിയുന്ന ഇരപ്പാളിയുമല്ല. ജനങ്ങളുടെ സുസമ്മതിയ്ക്കും, വിദ്യാർത്ഥികളുടെ സ്നേഹാദരങ്ങൾക്കും, സഹപ്രവർത്തകന്മാരുടെ ബഹുമാനാതിശയങ്ങൾക്കും പാത്രീഭൂതനായ ഒരു ഉത്തമ വാഗ്മ്യാരായി അദ്ദേഹം കാണപ്പെടുന്നു.

വാഷിങ്ടൻ വിട്ട് അദ്ദേഹം ജോലിതേടി ഇങ്ങോട്ടു പുറപ്പെട്ടതല്ല. ഉത്തമന്മാരായ പൊതുജനദാസന്മാർ ജോലിതെണ്ടി ഒരിയ്ക്കലും അലയേണ്ടി വരികയില്ല. വാഷിങ്ടൻ വിട്ട ഉടനെ നാട്ടിൽചെന്നു കൂട്ടികളെ പഠിപ്പിയ്ക്കുന്ന ജോലിയിൽ അദ്ദേഹം ഒരിയ്ക്കൽകൂടി ഏർപ്പെട്ടു. ആ വൃത്തി ഏറെനാൾ തുടരുവാൻ അദ്ദേഹത്തിനു സാദ്ധ്യമായില്ല. പൊതുസേവനം നടത്താൻ സൗകര്യം കൂടിയ മറ്റൊരുമാർഗ്ഗം അദ്ദേഹത്തിനു നിർദ്ദിഷ്ടമായി. ഹാംപ്ടൻ വിദ്യാലയത്തിൽ അധ്യാപകനായിരിപ്പാൻ ജനറൽ ആറം സ്ട്രാങ്ങ് അദ്ദേഹത്തെ നിർബ്ബന്ധിയ്ക്കുകതന്നെചെയ്തു. നീഗ്രോവർഗ്ഗോന്നതിയ്ക്കായി വേലചെയ്വാൻ ആത്മാർപ്പണംചെയ്ത ഒരു മഹാനുഭാവനായിരുന്നു

ജനറൽ ആറാം സ്ഥാങ്ങ്. ഹാംപ്ടൻ വിദ്യാലയത്തിന്റെ ജീവനാഡിയും അദ്ദേഹമായിരുന്നു.

അമേരിക്കയിലെ ശോണഹിന്ദുക്കളുടെ ഏതാനും കുട്ടികളെ ഹാംപ്ടനിൽ ചേർത്തു പഠിപ്പിക്കുവാൻ സ്ഥാങ്ങ് ശ്രമംചെയ്തിരുന്ന കാലമാണത്. വിദ്യാലയത്തിൽ ചേർക്കപ്പെട്ട ഹിന്ദുബാലന്മാരുടെ രക്ഷാധികർതൃത്വം ഈ 'അടിമവാഴ്ത്യാരി'ലത്രെനിക്ഷിപ്തമായത്. വെള്ളക്കാരേയും, അവരുടെ സംസ്കാരങ്ങളേയും ശ്ലേച്ഛമായി കരുതിവന്നവരാണു ഹിന്ദുക്കൾ. ആ നിലയ്ക്ക് അവരെ ഭരിക്കുവാൻ 'ശ്ലേച്ഛ'ന്റെ അടിമയായ നീഗ്രോ പുരപ്പെട്ടാൽ ഉണ്ടാകാവുന്ന വിഷമതകൾ ഊഹിച്ചറിയാവുന്നതാണ്. എന്നാൽ നീതിനിഷ്ഠനും, വിനീതനും അകളങ്കഹൃദയനുമായ ബുക്കർ വാഷിങ്ടനു അതും ദുസ്സാധമായ ഒരു കാര്യമായില്ല.

ബുക്കർ വാഷിങ്ടനിൽ തെളിഞ്ഞുകണ്ട കർമ്മകൗശല്യവും, ജനരഞ്ജനയും, ഏതിനും പോരുന്ന ധീരസ്വഭാവവും ആറാം സ്ഥാങ്ങിനെ ഹൃഷ്ടചിത്തനാക്കി. സ്ഥാങ്ങ് അദ്ദേഹത്തെക്കൊണ്ടു ഹാംപ്ടൻ ശാഖാവിദ്യാലയത്തിന്റെ ഉപാദ്ധ്യക്ഷസ്ഥാനവും വഹിപ്പിച്ചു. ദരിദ്രരായ നീഗ്രോ ബാലന്മാരെ ഉദ്ദേശിച്ചു സ്ഥാപിക്കപ്പെട്ടതാണ് പ്രസ്തുത ശാഖാവിദ്യാലയം. ഈ സ്കൂളിൽ പകൽ 10 മണിക്കൂർ ജോലിചെയ്യുന്നവർക്കു ഭക്ഷണവും രാത്രി സൗജന്യമായി വിദ്യാഭ്യാസവും നൽകപ്പെട്ടു. അതിന്നും പുറമെ അല്പമായ ശമ്പളവും അനുവദിച്ചിരുന്നു. തന്മൂലം രണ്ടുകൊല്ലം കൂടെ കഷ്ടപ്പെട്ടാൽ ശേഷം കാലം

പകൽസ്കൂളിൽചേർന്നു പഠിപ്പിക്കുവാൻ തക്ക സമ്പാദ്യം ഓരോരുവരും ഉണ്ടാക്കാൻ സാധിച്ചിരുന്നു. ഇതു പ്രയോജനകരമായ ഒരേർപ്പാടാണെന്നു ബുക്കറിനു ബോദ്ധ്യപ്പെട്ടു. 'ടസ്കേജി ഇൻസ്റ്റിട്ട്യൂട്ടി'ന്റെ സ്ഥാപനത്തിൽ ഇതിന്റെ മാതൃക അദ്ദേഹം സ്വീകരിച്ചിട്ടുള്ളതായി ഇതിനുമേൽ നിങ്ങൾക്കു കാണാവുന്നതാണു്. പ്രസ്തുത ശാഖ 12 വിദ്യാർത്ഥികളെക്കൊണ്ടു സമാരംഭിക്കപ്പെട്ടതാണു്. കഥാപുരുഷന്റെ ഏതാനും മാസങ്ങളോളമുള്ള ഭരണത്തിനിടയിൽ അവരുടെ എണ്ണം പല ശതങ്ങളായി വർദ്ധിച്ചു എന്നുവന്നാൽ അദ്ദേഹത്തിന്റെ കർമ്മപാടവവും, ജനസാധീനശക്തിയും അനുമന്തവ്യമത്രെ.

ടസ്കേജി ഇൻസ്റ്റിട്ട്യൂട്ട്.

ബുക്കർ ടി. വാഷിങ്ട്ടന്റെ നിഷ്കളങ്കമായ പൊതുസേവാരതിയുടെ പരിപക്വഫലമാകുന്നു 'ടസ്കേജി ഇൻസ്റ്റിട്ട്യൂട്ട്'. ഇൻസ്റ്റിട്ട്യൂട്ട് മൂലമായിട്ടത്രേ അദ്ദേഹം ലോകപ്രശസ്തനായതു്. ഇന്നു് ഇൻസ്റ്റിട്ട്യൂട്ട് കൂടാതെ അദ്ദേഹത്തെയോ, അദ്ദേഹത്തെക്കൂടാതെ ഇൻസ്റ്റിട്ട്യൂട്ടിനേയോ ഓർമ്മിക്കുവാൻ സാധ്യമല്ല.

ബുക്കർ ശോണഹിന്ദുക്കളുടെ രക്ഷാധികർത്തൃത്വവും, നിശാപാഠശാലയുടെ ഉപാദ്ധ്യക്ഷസ്ഥാനവും വഹിച്ചു ഹാംപ്ടനിൽ താമസിക്കുന്നകാലത്തു ടസ്കേജിയിലെ ജനങ്ങൾ ഒരു സാങ്കേതികവിദ്യാലയം സ്ഥാപി

ച്ചുനടത്തുവാൻ ആലോചന നടത്തുകയായിരുന്നു. അതിനെ പ്രവൃത്തിപഥത്തിലെത്തിയ്ക്കുവാനാവശ്യമായ പ്രാരംഭജോലികൾ നിർവ്വഹിയ്ക്കുവാനും അധ്യാപനം നടത്തുവാനും പ്രാപ്തനായ ഒരു ധ്വരയെ അയച്ചുകിട്ടേണമെന്നു ജനങ്ങൾ സ്വാങ്ങിനോടാവശ്യപ്പെട്ടു. പ്രസ്തുത ഉദ്യോഗം ഭരിയ്ക്കുവാൻ പ്രാപ്തിയുള്ള ഒരു കുറ്റമറ്റമനുഷ്യൻ ഉണ്ടാകുമെന്നു ശങ്കിയ്ക്കുവാൻപോലും അന്നവർ ശക്തരായില്ല. അങ്ങനെയിരിക്കെ ആറാം സ്വാങ്ങ് ബുക്കർ വാഷിങ്ടനെ ആ ജോലിയ്ക്കു നിയോഗിച്ചയച്ചതുകണ്ടു ജനങ്ങൾ വിസ്മയാധീനരാവുകതന്നെ ചെയ്തു.

ടസ്കേജി രണ്ടായിരം ജനങ്ങൾ അധിവസിച്ചിരുന്നതും പ്രധാന തീവണ്ടിപ്പാതയിൽനിന്നു അഞ്ചു നാഴികയകലെ സ്ഥിതി ചെയ്തിരുന്നതുമായ ഒരു തെക്കൻ പട്ടണമാകുന്നു. നിവാസികളിൽ ഭൂരിപക്ഷം കറുത്തവരത്രെ. തദ്ദേശീയരായ നീഗ്രോജനങ്ങൾ ഗവർമ്മെണ്ടിന്നു ഥരജിക്കൊടുത്തു പള്ളിക്കൂടംവകയ്ക്കു പ്രതിവർഷം 2000 ഡാളർ അനുവദിപ്പിച്ചിരുന്നു. ഈ സംഖ്യ അദ്ധ്യാപകന്മാർക്കു ശമ്പളം കൊടുപ്പാൻമാത്രമെ ഉപയോഗപ്പെടുത്താമായിരുന്നുള്ളൂ. അതിനാൽ സ്കൂൾ തുടങ്ങുന്നതിന്നു ബുക്കർ അത്യന്തം ക്ലേശിക്കേണ്ടിവന്നു. "കുട്ടത്തറയിൽ മുങ്ങുകയോ മണൽകൊണ്ടു കയറുണ്ടാക്കുവാൻ തുനിയുകയോ ചെയ്യുന്നതുപോലെ വിഷമപ്പെട്ടതായിരുന്നു ആ പണി. പല നാൾ അന്വേഷിച്ചിട്ടും സ്കൂൾ നടത്തുവാൻ ഒരു എടുപ്പ് ലഭ്യമായില്ല. ഒടുവിൽ പരിജീർണ്ണമായികിടന്ന ഒരു പള്ളിയ്ക്കുടുത്ത് അതിലും

ജീർണ്ണമായ ഒരു കെട്ടിടത്തിൽവെച്ചു 1881 ജൂലായിമാസത്തിൽ വിദ്യാലയം ഉൽഘാടിതമായി. മഴയുള്ളപ്പോൾ വിദ്യാർത്ഥികൾ പിടിച്ച ആതപത്രത്തിൻകീഴിലിരുന്നു് അദ്ദേഹം അധ്യാപനം നടത്തേണ്ടിവന്നു എന്നുവന്നാൽ എട്ടപ്പിന്റെ കേമത്തം ഊഹഗോചരമത്രേ.

ബുക്കറിന്നു മല്ലിടേണ്ടിവന്ന മറെറാരു തടസ്ഥം നീഗ്രോജനങ്ങളുടെ വിദ്യാഭ്യാസത്തിൽ നാട്ടുകാരായ വെള്ളക്കാർ പ്രകടിപ്പിച്ച പ്രതിഷേധമാണു്. വിദ്യാഭ്യാസംകൊണ്ടു നീഗ്രോക്കാർ ദുരഭിമാനികളും, പ്രയത്നവിമുഖരും ആയിത്തീരുവാനും, തദ്വാരാ തങ്ങൾക്കു കൂലിക്കാരെ കിട്ടുവാൻ തരമില്ലാതാകാനും ഇടവരുമെന്നു് അവർ ഭയന്നു.

ബുക്കർ ടസ്കേജിയിൽ പ്രവേശിച്ചതു 1881 ജൂൺ മാസത്തിലാണു്. സ്ഥാപിതമാകുവാൻ പോകുന്ന വിദ്യാലയത്തിന്നു ധനശേഖരം ആവശ്യമായുന്നു. പൊതുജനാഭിപ്രായം വിദ്യാലയത്തിന്നു് അനുകൂലമായവിധം രൂപീകരിയ്ക്കാതെ ഇതു സാദ്ധ്യമല്ലല്ലൊ. തന്മൂലം അദ്ദേഹം ഒരു പ്രചരണവേലയ്ക്കായി കാപ്പുകെട്ടി. ഉദ്ദേശങ്ങളെ വിവരിയ്ക്കുന്ന ലഘുലേഖകൾ ജനങ്ങൾക്കിടയിൽ വിതരണംചെയ്തു. നേരിട്ടു പലേടങ്ങളിൽ സഞ്ചരിയ്ക്കുയും ചെയ്തു.

ഈ സഞ്ചാരംകൊണ്ടു പരോക്ഷമായി മറെറാരു പ്രയോജനംകൂടി ഉണ്ടായി. നീഗ്രോജീവിതത്തിന്റെ നൈകൃഷ്ട്യം നഗ്നമായികണ്ടു പഠിയ്ക്കുവാൻ അദ്ദേഹ

ത്തിന്നു കഴിഞ്ഞതു ഇക്കാലത്താണ്. കാഷ്ികവൃത്തിക്കാരായ ജനങ്ങൾ എട്ടും പത്തും പേർവീതം ഒറമുറിയിൽ വൃത്തിഹീനമായി പാർക്കുന്നതു് അദ്ദേഹത്തിന്റെ ദൃഷ്ടികൾക്കു ഗോചരമായി. വിലയേറിയ തയ്യൽയന്ത്രങ്ങൾ, നാഴികമണികൾ, സംഗീതസാമഗ്രികൾ ആദിയായ വസ്തുവിശേഷങ്ങളാൽ അലംകൃതങ്ങളായ ഹർമ്യങ്ങൾ കാണുവാനും ഇടവന്നു. ഈവക വിശേഷസാമാനങ്ങൾ മോടിയ്ക്കുവേണ്ടിമാത്രം സൂക്ഷിച്ചിരുന്നവയത്രെ. അവയുടെ ഉപയോഗം പോലും നീഗ്രോവിന്നു വശമായിരുന്നില്ല. സഞ്ചാരമദ്ധ്യേ കണ്ടറിഞ്ഞ ഏതാട്ടശവസ്തുതകൾ സ്മിത്പുരുഷനെ വല്ലാതെ വ്യാകുലപ്പെടുത്തി. സജ്ജനങ്ങളുടെ പ്രയത്നവൈമുഖ്യം, സാഹിത്യാഭ്യസനത്തിന്നു പ്രാമുഖ്യം നല്കുന്ന വിദ്യാഭ്യാസരീതി സമുദായോൽക്കർഷത്തിന്നു അനുഗുണമല്ലെന്നു് അദ്ദേഹത്തെ ബോധ്യപ്പെടുത്തി.

അന്നു് ഉപദേശങ്ങൾ നൽകിയും ധനം കൊടുത്തും ബുക്കറെ സഹായിച്ചിരുന്നവരിൽ പ്രമുഖന്മാർ കാമ്പ്ബെൽ ധനരയും, ആഡംസ് എന്ന കറുപ്പു മനുഷ്യനും ആയിരുന്നു. ധനര ധനികനായ ഒരു വ്യാപാരിയും, മറെറയാൾ കുതിരസ്സാമാനങ്ങൾ പണിയുക, തകരവേല നടത്തുക ഇവയിൽ പ്രവീണനായ ഒരു വ്യവസായിയും ആയിരുന്നു. "അടിമയായിരുന്ന കാലത്തുപോലും തൊഴിലുകൾ വെടിപ്പായി പഠിച്ചിരുന്നതാണ്" ആഡംസിന്റെ യോഗ്യതയ്ക്കു നിദാനമായി വർത്തിച്ചതു്. വിദ്യാഭ്യാസം തൊഴിൽപരമാക്കേണമെന്ന ബുക്കറി

ന്റെ അഭിപ്രായം ദൃഢീകൃതമാകുവാൻ ഇതും ഒരു കാരണമായി.

ആരംഭകാലത്തു മുപ്പതു വിദ്യാർത്ഥികളാണു ടസ്കേജിവിദ്യാലയത്തിൽ ചേർന്നതു്. കൂടുതൽപേരെ ചേർക്കുവാനുള്ള സ്ഥലസൗകര്യം അന്നുണ്ടായിരുന്നില്ല. ചേർന്നവരിൽ പകുതിപേർ സ്ത്രീകളും, മിക്കവരും പ്രായം ചെന്നവരും ആയിരുന്നു. ആദ്യമാസം കഴിയുംമുമ്പെ അധ്യേതാക്കൾ അമ്പതായി വർദ്ധിച്ചു. വാദ്ധ്യാരായി ബുക്കർ മാത്രമേ ഉണ്ടായിരുന്നുള്ളൂ. അചിരേണ അദ്ദേഹത്തെ സഹായിപ്പാൻ ഒരു വനിതാരത്നം വന്നുചേർന്നു. അവരുടെ പേർ മിസ്. ഒളീവിയാ ഡേവിഡ്സൻ എന്നായിരുന്നു. അവർ ബി. എ. ബിരുദധാരിയും, അധ്യാപനപരിശീലനം കഴിച്ചവരും, സാമുദായികവേലകളിലേർപ്പെട്ടപരിചയമുള്ളവരും ആയിരുന്നു.

തുല്യഗുണമുള്ള വസ്തുക്കളെ കൂട്ടിച്ചേർക്കുന്നതിൽ പ്രകൃതി എപ്പോഴും ഉൽസുകയാണു്. അല്ലെങ്കിൽ ബുക്കർ ടി. വാഷിങ്ടൻ സാഹായ്യമായി മിസ്. ഒളീവിയാ ഡേവിഡ്സൻതന്നെ എത്തിച്ചേരുവാൻ അവകാശമില്ല. നീഗ്രോവംശജയെങ്കിലും ആ മഹിളാമണി തനി വെള്ളയായിരുന്നു. "നീഗ്രോ വനിതയാണെന്നു പുറമെ പറയാതിരുന്നാൽ ചില സുഖങ്ങളും സൗകര്യങ്ങളും നിങ്ങൾക്കുണ്ടാകും" എന്നു ആരോ അവരെ ഉപദേശിച്ചുകയുണ്ടായി. "ഏതവസ്ഥയും ഏതു കായ്യത്തിന്നും എന്റെ ജാതിയെപ്പറ്റി കളവു പറഞ്ഞു ജനങ്ങളെ വഞ്ചിപ്പാൻ ഞാനൊരുക്കമില്ല" എന്നായിരുന്നു ആ മാനി

നിയുടെ മരുമടി. ഈ മിസ്. ഒളീവിയേയാണ് ബുക്കർ ടി. വാഷിങ്ടന്റെ രണ്ടാമത്തെ സഹധർമ്മചാരിണിയായി നാം മേൽ കാണുവാനിടയാകുന്നതു്.

പാഠശാലയാരംഭിച്ചിട്ടു മാസം മൂന്നുകഴിഞ്ഞു. സമീപസ്ഥമായ ഒരു കൃഷിസ്ഥലം 500 ഡാളറിന്നു വില്ക്കുവാൻ നിശ്ചയിച്ചിരിയ്ക്കുന്നുവെന്നും, 250 ഡാളർ കൊടുത്താൽ തല്ക്കാലം അതു കയ്യശം കിട്ടുമെന്നും ബുക്കർ അറിഞ്ഞു. പറമ്പു വിദ്യാലയത്തിന്നു് അനുയോജിച്ചതും, വില ആദായകരവും ആയിരുന്നു. ആ വസ്തു വാങ്ങുവാൻ ബുക്കർ ആശിച്ചു. എന്നാൽ 250 ഡാളർ. കടംകൊടുപ്പാൻമാത്രം ഉദാരനായ ഒരാളെ അദ്ദേഹത്തിനു കാണാൻ കഴിഞ്ഞില്ല. തന്റെ ആശ നിഷ്ഫലമെന്നും, വിദ്യാലയത്തിന്നു ശുഭോദർക്കമായ ഭാവിയില്ലെന്നും അദ്ദേഹം ശങ്കിച്ചു. എന്നാൽ പുരയിടം മറുകയ്യിലകപ്പെട്ടും മുമ്പെ ഹാംപ്ടൻ വിദ്യാലയത്തിലെ ഖജാൻജിയായ മാഷ്ൽസായ്പ് സഹായത്തിനായെത്തിച്ചേർന്നു. അന്നാ സഹായം സമയത്തിനെത്തിയിരുന്നില്ലെങ്കിൽ ടസ്കേജി ഇൻസ്റ്റിട്ട്യൂട്ടിന്റെ ചരിത്രം മറെറാരുവിധം കുറിയ്ക്കേണ്ടിവരുമായിരുന്നു.

പറമ്പു വാങ്ങിയ ഉടനെ അതിലുണ്ടായിരുന്ന ഭോജനശാല, കുതിരലായം, കോഴിപ്പുര ഇവ അധ്യാപകന്മാരും അധ്യേതാക്കളും ചേർന്നു പെടിപ്പു വരുത്തി വിദ്യാലയം അതിലേയ്ക്കു മാററി. അഞ്ചുമാസംകൊണ്ടു വസ്തുവിന്മേലുള്ള ബാദ്ധ്യതകളും തീർത്തു. വസ്തുവിൽ വിളവിറക്കുവാനായി പിന്നത്തെ ശ്രമം. വിളംബമെന്യേ നൂറേ

ക്കർ സ്ഥലം കൃഷിയ്ക്കു പാകപ്പെടുത്തി. കൃഷിസമ്പ്രദായങ്ങളും അവയോടുചേർന്ന് ചില വ്യവസായങ്ങളും വിദ്യാർത്ഥികളെ പരിശീലിപ്പിയ്ക്കുവാൻവേണ്ട ഏർപ്പാടുകളും ചെയ്തു.

അദ്ധ്യാപനവും, വിദ്യാലയത്തിന്റെ ഭരണച്ചിലവുകൾക്കാവശ്യമായ ധനശേഖരവും ബുക്കർതന്നെ നടത്തേണ്ടിവന്നു. മിസ്. ഡേവിഡ്സന്റെ പിന്തുണയോടുകൂടി അദ്ദേഹത്തിന്നു് അതിലപ്പുറവും സാധിയ്ക്കുവാൻ ഞെരുക്കമുണ്ടായില്ല. അതുകൊണ്ടു് ത്യാഗസന്നദ്ധയായി അവർ കാണപ്പെട്ടു. വിദ്യാലയത്തിന്നു സഹായമർത്ഥിച്ചുകൊണ്ടു് അവർ കുടുംബങ്ങൾതോറും കയറിയിറങ്ങി. അവരുടെ അർത്ഥനയെ അനാദരിയ്ക്കുവാൻ ഏറെപേർ ശക്തരായില്ല. ഒരിടത്തുനിന്നു് ഒരുപ്പും, മറ്റൊരിടത്തുനിന്നു് ഒരു കോഴിക്കുഞ്ഞു്, എന്നിങ്ങനെ ഓരോ വസ്തുക്കൾ അവയ്ക്കു ലഭിച്ചുകൊണ്ടിരുന്നു. യാചിച്ചുകിട്ടിയ സാമാനങ്ങൾ ഉത്സവസ്ഥലങ്ങളിലും മറ്റും കൊണ്ടുപോയി ലേലത്തിൽ വിറ്റു് അവർ വില മാറി.

പൊതുജനങ്ങൾ നൽകിയ ഏവംവിധങ്ങളായ പ്രോത്സാഹനങ്ങൾ ബുക്കർ വാഷിങ്ട്ടനെ ധൈര്യപ്പെടുത്തി. സഹാഗ്രഹസാഫല്യത്തിൽ അദ്ദേഹത്തിന്നു വിശ്വാസം വർദ്ധിച്ചു. ആത്മവിശ്വാസവും കർമ്മധീരതയും ആരെയും വിജയത്തിൽ എത്തിയ്ക്കുകതന്നെ ചെയ്യും.

വിദ്യാലയത്തിന്റെയും, അതിന്റെ പ്രവർത്തകന്മാരുടേയും നേരെ പൊതുജനങ്ങൾക്കു സ്നേഹവും, വിശ്വാസവും വർദ്ധിച്ചു. അതിനനുസരിച്ചു വിദ്യാർത്ഥികളു

ടെ എണ്ണവും വർദ്ധമാനമായി. അവരുടെ താമസത്തിന്നു പുതിയ എടുപ്പുകളുടെ ആവശ്യം നേരിട്ടു. പുറമെ താമസിയ്ക്കുന്നപക്ഷം വിദ്യാർത്ഥികളുടെ നടത്ത പരിശോധിയ്ക്കുക സുകരമല്ല. അതുകൊണ്ടു 6000 ഡാളർ വിലവരുന്ന ഒരു വിദ്യാർത്ഥിമന്ദിരം നിർമ്മിക്കുവാനും, ചെങ്കൽനിർമ്മാണം മുതൽ അതിന്നാവശ്യമായ സകല വേലകളും വിദ്യാർത്ഥികളെക്കൊണ്ടുതന്നെ ചെയ്യിയ്ക്കുവാനും ബുക്കർ തീർച്ചപ്പെടുത്തി. എന്നാൽ പൊതുജനാഭിപ്രായം അദ്ദേഹത്തിന്നു് അനുകൂലമായി ഭവിച്ചില്ല. ഈ വൃത്തികെട്ട ജോലി വിദ്യാർത്ഥികൾ കൊടുത്തു ഇഷ്ടപ്പെട്ടതുമില്ല. ഒരു സാമാന്യനെ പിന്തിരിയ്ക്കുവാൻ ഇതു പര്യാപ്തമാണു്. എങ്കിലും അസാമാന്യധിഷണാവൈഭവമുള്ള ഒരു പുരുഷകേസരിയുണ്ടോ സന്നദ്ധനായി പരിണമിയ്ക്കുന്നു!

"പാലം കുലുങ്ങിയാലും കേളൻ കുലുങ്ങാ"ത്തനയം അദ്ദേഹം കയ്ക്കൊണ്ടു. ബുക്കർതന്നെ കഴിതോണ്ടി, കളിമണ്ണു ചവിട്ടുവാൻ പുറപ്പെട്ടു. ശിഷ്യഹൃദയങ്ങൾ ഭേദിയ്ക്കപ്പെട്ടു. ആത്മാർത്ഥതയേയും, അനഹന്തയേയും അനാദരിയ്ക്കുവാൻ അവർ അപ്രാപ്തരായി. സന്തോഷപൂർവ്വം അവർ അദ്ദേഹത്തെ അനുകരിച്ചു. ദുരിഷ്ടവും അവരോടടുത്തുകൂടി. ക്ലേശകരവും, വൃത്തിഹീനവുമായ ചെങ്കൽപണിയിൽ പരാജയം അവരെ കയ്യേറിച്ചു. അപജയത്തിന്റെ ആവർത്തനം വിദ്യാർത്ഥികളേയും, സഹചരന്മാരേയും ഭഗ്നാശരാക്കി പിന്തിരിച്ചു. ബുക്കർവാഷിങ്ടൻ ഉത്സാഹഭരിതനായിതന്നെ

പിന്നേയും കാണപ്പെട്ട. വർദ്ധിച്ച ശ്രദ്ധയോടുകൂടി ആ കമ്മ്ഡീരൻ നാലാമതും പരീക്ഷണത്തിനിറങ്ങി. ഇ പ്രാവശ്യം വിജയശ്രീ അദ്ദേഹത്തെ സമാലിംഗനം ചെയ്തു.

ഇത്രയുമായപ്പോൾ കെട്ടിടത്തിന്നാവശ്യമായ മ റു പണികൾക്കു പണമില്ലാത്ത വിഷമം നേരിട്ടു. "വേണ്ട മരസ്സാമാനം ഇറക്കിത്തരാം; പണം ഉണ്ടാകുമ്പോൾ വില തന്നുതീർക്കാമെന്നു പ്രതിജ്ഞ ചെയ്താൽ മതി" എന്നു പറഞ്ഞുകൊണ്ടു് ഒരു തടിക്കച്ചവടക്കാരൻ ധാര മുന്നോട്ടു വന്നു. കൂലികൂടാതെ വേലചെയ്വാൻ ജനങ്ങളും എത്തിച്ചേർന്നു. കഴിവുള്ളവർ പണം കൊടുത്തും സഹായിച്ചു.

നിർമ്മലമായ പ്രേമത്തിന്നും തജ്ജന്യമായ ത്യാഗത്തിന്നും അന്യചിത്തത്തെ ദ്രവിപ്പിയ്ക്കുവാൻ ശക്തിയുണ്ടു്. അല്ലെങ്കിൽ ശത്രുപക്ഷക്കാരായ വെള്ളക്കാരെ ഉദാരന്മാരാക്കാൻ ബുക്കർവാഷിംഗ്ടൻ, കൂളീവിയാ ഡേവിഡ്സൻ എന്ന രണ്ടു കറുപ്പുമനുഷ്യർക്കു സാദ്ധ്യമാകുമൊ? ഡേവിഡ്സനെ സഞ്ചാരമദ്ധ്യേ യാദൃശ്ചികമായി പരിചയപ്പെടാനിടവന്നതുകൊണ്ടു രണ്ടു മദാമ്മമാർ ടസ്കേജി വിദ്യാലയത്തിന്നു 14 കൊല്ലം തുടച്ചയായി ധനസഹായം ചെയ്തു. പ്രസ്തുത വിദ്യാലയത്തിന്നു ധനസഹായം ചെയ്വാൻ മടികൂടാതെ മടിശ്ശീലയഴിച്ച വെള്ളക്കാർ വേറെയും പലരുണ്ടു്.

ഇത്രയൊക്കെ സഹായങ്ങൾ പുറമെ നിന്നുണ്ടാ

യിക്കൊണ്ടിരുന്നിട്ടും ധനസംബന്ധമായ വിഷമങ്ങൾ ക്കു് ഒരുതി വന്നില്ല. വിദ്യാലയത്തിൽ ഉടനടി നടപ്പാക്കിക്കൊണ്ടിരുന്ന പരിഷ്കാരാഭിവൃദ്ധിയും, വിദ്യാർത്ഥികളുടെ വർദ്ധനയും അദ്ദേഹത്തെ കടത്തിലേയ്ക്കു് തള്ളിക്കൊണ്ടിരുന്നു. വിദ്യാലയത്തെക്കുറിച്ചു് അദ്ദേഹം പലതവണ ആശങ്കാകുലനാകേണ്ടിവന്നു. താൻ ഒരു മഹാപരീക്ഷണത്തിൽ ഇറങ്ങിയിരിയ്ക്കയാണെന്നും, ടസ്കേജി ഇൻസ്റ്റിട്ട്യൂട്ട് പരാജയത്തിൽ അവസാനിയ്ക്കുന്നപക്ഷം, വലിയ കാര്യങ്ങൾ നിർവ്വഹിയ്ക്കുവാനുള്ള കഴിവു നീഗ്രോവർഗ്ഗത്തിന്നില്ലെന്ന അപരാധത്തിന്നു തന്റെ വംശം വശംവദമാകുമെന്നും അദ്ദേഹത്തിന്നു് ബോധമുണ്ടായിരുന്നു. അങ്ങനെ വന്നാൽ നീഗ്രോ സമുദായം എന്നേയ്ക്കുമായി നാശഗർത്തത്തിൽ ആണ്ടുപോകുമെന്നതു തീർച്ചയായിരുന്നു. എന്നാൽ വിശ്വാസ്യത മൂലധനമെന്ന ആദർശംവെച്ചു പ്രവർത്തിച്ചുവന്ന അദ്ദേഹത്തിന്നു് അപജയം ഒരിയ്ക്കലും സമ്പ്രാപ്തമായിട്ടില്ല. പരാജയം സംഭ്രമംകണ്ടുകൊണ്ടു പാരവശ്യേന വാഴ്ന്ന പല സന്ദർഭങ്ങളിൽ അവിചാരിതമായി, അത്ഭുതകരമായവിധം അദ്ദേഹം രക്ഷപ്പെട്ടിട്ടുണ്ടു്. ബുക്കർ ഒരാളോടു 400 ഡാളർ കടംവാങ്ങിയിരുന്നു. മടക്കികൊടുക്കാമെന്നു വാഗ്ദത്തം ചെയ്തിരുന്ന ദിവസംവരേയും സംഖ്യയ്ക്കുള്ള വഴി കാണാതെ അദ്ദേഹം വിഷമിച്ചു. നേരുകേടിൽനിന്നുളവാകാവുന്ന അപമാനമനസ്സുവോർത്തു ഹൃദയം നീറിത്തുടങ്ങി. അപ്പോഴയ്ക്കും അജ്ഞാതനായ ഒരാളിൽനിന്നു 400 ഡാളറിന്റെ ഒരു സംഭാവന അതാ വന്നെത്തു

ന്നു. ഒരു വലിയ വിഷമത്തിൽനിന്നു ബുക്കർ നിർവൃതിനേടുന്നു.

സത്തക്കഴലിലഥവാ തൃണയ്ക്കുവാ-
നെത്തും നിയതിയോരോവടിവിൽ.

ഇൻസ്റ്റിറ്റ്യൂട്ട് (തുടച്ച)

വിദ്യാലയങ്ങളിൽ കൃഷിവ്യവസായപരിശീലനം കൂടി ഏർപ്പെടുത്തുന്നതുകൊണ്ട് പല നല്ല പ്രയോജനങ്ങളുണ്ട്. ഒന്നാമതു വിദ്യാഭ്യാസം കഴിഞ്ഞു പുറത്തിറങ്ങുന്നവർ ഏതെങ്കിലും തൊഴിലെടുത്തു പരാശ്രയംകൂടാതെ ജീവിക്കുവാൻ പ്രാപ്തരാകുന്നു. ഉപരി ശാസ്ത്രീയമായ അഭ്യസനം മൂലം പുതിയപുതിയ സമ്പ്രദായങ്ങൾ വിദ്യാർത്ഥികൾതന്നെ കണ്ടുപിടിയ്ക്കുവാനിടവരികയും, അവരുടെ അന്വേഷണബുദ്ധി വികസിതമാകയും ചെയ്യുന്നു. മൂന്നാമതു വിദ്യാലയങ്ങൾക്കു ഗുണവും ആദായവും വർദ്ധിയ്ക്കുന്നു. വിജ്ഞാനകവാടങ്ങളായ പഞ്ചേന്ദ്രിയങ്ങളുടെ സംസ്കരണത്തിൽ കൈവേലകൾക്കു മാന്യമായ ഒരു സ്ഥാനമുണ്ട്. എല്ലാറ്റിനുംപുറമെ ജനങ്ങൾ തൊഴിലിന്റെ മാഹാത്മ്യവും, മാന്യതയും മനസ്സിലാക്കാനിടവരികയും, അവരിൽനിന്നു പ്രയത്നൈകമുഖ്യം മാഞ്ഞുപോകയും ചെയ്യും. ഈ തത്വങ്ങൾ ടസ്കേജിവിദ്യാലയംവഴി ബുക്കർ ഉദാഹരിച്ചു ലോകത്തെ ബോധ്യപ്പെടുത്തി.

കൈവേലയ്ക്കു പ്രാധാന്യം നൽകിയ ബുക്കർ യന്ത്ര സഹായം വെറുത്തില്ല. വായു, വെള്ളം, ആവി, ആ ലകതികം (electricity) ആദിയായ പ്രകൃതിശക്തി കൾ മനുഷ്യയത്നത്തെ ലഘൂകരിയ്ക്കുന്നവയാണ്. അ വയെ അവഗണിയ്ക്കുക കാളയ്ക്കു മുമ്പിൽ വണ്ടികെട്ടു ന്ന, മനുഷ്യസംസ്കാരത്തെ പിന്നോക്കം തിരിയ്ക്കുന്ന അ ധോമുഖമായ നയമാണെന്നായിരുന്നു അദ്ദേഹത്തിന്റെ അഭിപ്രായം. ആകയാൽ അവയെ യഥാവിധി ഉപ യോഗപ്പെടുത്തുന്നതിൽ പ്രത്യേകം ശ്രദ്ധപതിപ്പിച്ചു. ഇ ന്ന്, ഏതുവലിപ്പത്തിലും, തരത്തിലുമുള്ള എടുപ്പുകൾ പണിയുന്നതിനും പ്ലാൻ വരയ്ക്കുക മുതൽ യന്ത്രങ്ങൾ സ്ഥാപിച്ചുനടത്തുന്നതുവരെയുള്ള ഏതു പണിയെടുക്കു ന്നതിനും കഴിവുള്ളവർ ടസ്കേജിവിദ്യാലയത്തിലുണ്ട്. ഐക്യനാട്ടിലെ തെക്കൻപ്രദേശക്കാർ ഗൃഹനിർമ്മാണ കല അഭ്യസിച്ചതുതന്നെ ടസ്കേജി ഇൻസ്റ്റിട്ട്യൂട്ടവഴിയാ ണ്. ഏതു വമ്പിച്ച പണി നടത്തുന്നതിനും ഇന്നു ടസ്കേജിവിദ്യാലയാധികൃതന്മാർ കൂലിക്കാരെ അന്വേ ഷിച്ചു പുറമെ പോകേണ്ടതില്ല. വർഷംപ്രതി 12 ല ക്ഷത്തിൽപരം വിശേഷമായ ചെങ്കൽ ഉണ്ടാക്കിവില്ക്കു വാൻ ടസ്കേജി ഇൻസ്റ്റിട്ട്യൂട്ടിന്നു ഒരു പ്രയാസവുമുണ്ടാ യില്ല. അവടെനിന്നു തൊഴിലഭ്യസിച്ചു പുറത്തിറങ്ങു ന്നവർ രാജ്യത്തിന്റെ ഏതുഭാഗത്തു ചെന്നാലും നല്ല സമ്പാദ്യമുണ്ടാക്കുവാൻ കഴിവുള്ളവരും, പൂജ്യന്മാരും ആ യിത്തീരും. നിഗ്രോജനങ്ങളെ തെക്കൻദിക്കിലെ വെ ള്ളക്കാരുമായി സംയോജിപ്പിയ്ക്കുവാനുള്ള ഒരു കണ്ണിയാ

യും ഈ വ്യവസായവിദ്യാഭ്യാസം പരിണമിച്ചു. ആവശ്യവും പ്രയോജനവുമുള്ളവർ മാനിയ്ക്കപ്പെടുന്നതു സ്വാഭാവികമാണല്ലൊ. ഏക്കറിനു 49 ചാക്കു മധുരക്കിഴങ്ങു വിളഞ്ഞിരുന്ന സ്ഥലത്തു ടസ്കേജിയിലെ വിദ്യാർത്ഥികൾ അവരഭ്യസിച്ച പുതിയരീതികൾ സ്വീകരിച്ചു കൃഷിചെയ്തപ്പോൾ 266 ചാക്കുവീതം വിളഞ്ഞുകണ്ടു. വെള്ളക്കാർ ഇതുകണ്ടു വിസ്മയിയ്ക്കുകയും അവരുടെ സമ്പ്രദായങ്ങളെ പകർത്തുകയുംചെയ്തു.

വാഹനനിർമ്മാണം ടസ്കേജിയിൽ അഭ്യസിപ്പിച്ചുവരുന്ന തൊഴിലുകളിലൊന്നാണ്. വണ്ടി മുതലായ വാഹനങ്ങൾ അവിടെ ധാരാളമായി നിർമ്മിച്ചു വിറ്റുവരുന്നു. അവിടത്തെ വിദ്യാർത്ഥികൾ ഏതെങ്കിലും തൊഴിൽ അഭ്യസിച്ചേ മതിയാകൂ. രക്ഷിതാക്കന്മാരുടെ കുലീനതയും സമ്പൽസമൃദ്ധിയും അവിടെ നോക്കില്ല. ഈ നിയമം ജനങ്ങൾക്കിടയിൽ ആദ്യം കുറെ വൈരസ്യമുളവാക്കിയെങ്കിലും കാലക്രമംകൊണ്ട് ആ വിരസത നിർമ്മാർജ്ജനം ചെയ്യപ്പെട്ടു.

വിദ്യാർത്ഥിമന്ദിരം വിജയപ്രദമാക്കുവാനാണു ബുക്കർ ഏറ്റവും അധികം അദ്ധ്വാനിയ്ക്കേണ്ടിവന്നതു്. വാചകവൃത്തിയിൽ പരിചയമില്ലായ്മ, ആവശ്യമായ ഉപകരണങ്ങളുടെ അഭാവം എന്നീ ന്യൂനതകളാൽ ആവലാതിയ്ക്കു് ഇടംകൊടുക്കാത്ത ദിവസങ്ങളുണ്ടായില്ല. കട്ടിൽ, മെത്ത, പുതപ്പു് ഇവയുടെ കുറവുമൂലം ശീതകാലങ്ങളിൽ വിദ്യാർത്ഥികൾ അനല്പം ക്ലേശിയ്ക്കേണ്ടിവന്നു. അഞ്ചാറുപേർ ഒരേ പുതപ്പു് ഉപയോഗിച്ചു് അട്ടപ്പിന്നു

MUNAVIRUL ISLAM L. S. SCHOOL
Date 224
ERNAKULAM

മുറവും കിട്ടുകിടെ വിറച്ചുകൊണ്ട് രാത്രി 'ശിവരാത്രി' യാക്കിക്കഴിയുന്നതായി അദ്ദേഹം പലപ്രാവശ്യം കണ്ണാനിടവന്നിട്ടുണ്ട്. എന്നിട്ടും "വാക്കാലാകട്ടെ, പ്രവൃത്തിയാലാകട്ടെ, ഒരു വിദ്യാർത്ഥിയൊ, വാദ്ധ്യാരൊ, കൂലിക്കാരനോ അദ്ദേഹത്തോട് അനാദരലേശം കാണിച്ചിട്ടില്ല." അവരുടെ സുഖസൗകര്യങ്ങളിൽ അദ്ദേഹം കഴിവിൽ കവിഞ്ഞും മനസ്സിരുത്തുമെന്ന് അവക്കു ബോദ്ധ്യമുണ്ടായിരുന്നു.

ടസ്കേജി ഇൻസ്റ്റിട്ട്യൂട്ടിന്റെ ഒരു പ്രത്യേകത അതിന്റെ ഭരണത്തിൽ അധ്യേതാക്കളും പങ്കെടുത്തിരുന്നു എന്നതാണ്. പ്രാർത്ഥനാമന്ദിരത്തിൽ സമ്മേളിച്ച പ്രാർത്ഥന നടത്തിയശേഷം വിദ്യാർത്ഥികളുമായി സ്കൂൾ കാര്യങ്ങളെക്കുറിച്ചാലോചിയ്ക്കുവാൻ പതിവായി അദ്ദേഹം കുറെ സമയം വിനിയോഗിച്ചു വന്നു. കൂടാതെ വിദ്യാമന്ദിരനടത്തിപ്പിനെക്കുറിച്ചു വ്യാഖ്യാനമായോ, നിരൂപണപരമായൊ, നിർഭയമായും സ്പഷ്ടമായും കൊല്ലംതോറും മൂന്നോ നാലോ കത്തുകൾവീതം തനിയ്ക്കയയ്ക്കണമെന്ന് അദ്ദേഹം വിദ്യാർത്ഥികളെ നിർബ്ബന്ധിച്ചു. അതു് അനുക്രമം അനുസരിയ്ക്കപ്പെട്ടുകയും ചെയ്തു. സ്ഥാപനത്തിന്റെ വിജയകരമായ നടത്തിപ്പിന്നും, വിദ്യാർത്ഥികളുടെ ആന്തരികമായ വളർച്ചയ്ക്കും ഇതു് അത്യന്തം സഹായിയ്ക്കുമെന്നതു നിരാക്ഷേപമാണല്ലൊ.

ജനങ്ങൾക്കിടയിൽ വിദ്യാലയത്തെക്കുറിച്ചു മതിപ്പു വർദ്ധിയ്ക്കുവാനും വിദ്യാർത്ഥികളുടെ എണ്ണം ക്രമംവിട്ടു പെരുകുവാനും തുടങ്ങി. വിദ്യാർത്ഥിമന്ദിരങ്ങളിൽ സ്ഥ

ലസൗകര്യം മതിയാകാതെ വന്നു. പൊതുജനങ്ങളുടെ ഉദാരതയ്ക്കു കൈനീട്ടുകയല്ലാതെ ഇതരമാർഗ്ഗം ദുശ്യമായില്ല. ദ്രവ്യസഹായം അർത്ഥിച്ചുകൊണ്ട് അദ്ദേഹം കരിയ്ക്കുലക്കുടി പുറത്തിറങ്ങി. ഇത്തവണ അദ്ദേഹത്തെ സഹായിച്ചുകൊണ്ടു മഹാനായ ആറാം സ്ട്രാങ്ട് തന്നെ ക്ലേടെ പുറപ്പെട്ടു. ശ്രേഷ്ഠമായ രീതിയിൽ സദിരു നടത്തി അവസാനം സഞ്ചാരോദ്ദേശത്തെക്കുറിച്ച് പ്രസംഗിയ്ക്കുകയാണ് അവർ ചെയ്തവന്നതു്. ധനശേഖരം മുമ്പത്തേപ്പോലെ പ്രയാസമുള്ളതായി ഇപ്രാവശ്യം അനുഭവപ്പെട്ടില്ല. സ്ട്രാങ്കു കൂട്ടുണ്ടായിരുന്നതുമൂലം പല മഹാന്മാരുടേയും പരിചയം സമ്പാദിയ്ക്കുവാൻ എളുപ്പമുണ്ടായി. വിദ്യാലയത്തെക്കുറിച്ചുള്ള പൂർണ്ണവിവരം ഗ്രഹിച്ചപ്പോൾ, ഇങ്ങനെ വിശിഷ്ടമായ ഒരു സ്ഥാപനത്തെ സഹായിയ്ക്കുവാൻ സാധിച്ചതിൽ ജനങ്ങൾ കൃതാർത്ഥത കാണിച്ചു. ടസ്കേജി ഇൻസ്റ്റിട്ട്യൂട്ടിനെ യഥാകാലം സഹായിയ്ക്കാൻ കഴിയാഞ്ഞതിൽ വ്യസനിച്ചവർ പലരുണ്ട്. ധനസഹായം ചോദിച്ചപ്പോൾ ഒന്നും കൊടുക്കാതെ ബുക്കർപ്രഭൃതികളെ മടക്കി അയച്ച ഒരു ധനികൻ രണ്ടു കൊല്ലം കഴിഞ്ഞു 10,000 ഡാളർ സപ്രമേധയാ അയച്ചുകൊടുത്തു! ചരിത്രനായകന്റെ ആത്മാർത്ഥതയിൽ സംശയിച്ച് ആദ്യം രണ്ടു ഡാളർമാത്രം നൽകിയ കോളിസ് പി. ഹണ്ടിങ്ടൻ എന്ന കോടീശ്വരൻ ടസ്കേജി വിദ്യാലയത്തിന്റെ മൂലധനഫണ്ടിലേയ്ക്ക് 5000 ഡാളർ സന്തോഷസമനിതം സംഭാവന ചെയ്തു. ഒരു ഭജനമഠം സ്ഥാപിയ്ക്കുവാനാവശ്യമായ ചിലവുകൾ മുഴ

വൻ രണ്ടു മദാമ്മമാർ വഹിച്ചു. വിദ്യാലയത്തിന്റെ സൂക്ഷ്മസ്ഥിതികളറിഞ്ഞ ആൻഡ്രൂകാർണിജി എന്ന സുപ്രസിദ്ധ കോടീശ്വരൻ ഗ്രന്ഥമന്ദിരത്തിന്നായി 20000 ഡാളർ അയച്ചുകൊടുത്തു. ബുക്കറുടെ "ഉത്തമപ്രവൃത്തിയിൽ ഇതുയും സഹായംചെയ്യാൻ അവസരം ഉണ്ടായതിൽ" ആ കോടീശ്വരൻ സന്തുഷ്ടചിത്തനായി. പൊതുജനനന്മയെ ലാക്കാക്കി നടത്തപ്പെടുന്ന സ്ഥാപനങ്ങളോട് അമേരിക്കയിലെ ജനസാമാന്യം എങ്ങനെ പെരുമാറുന്നു എന്നു ഇതിൽനിന്നു മനസ്സിലാക്കാം.

വിദ്യാലയം മൂന്നാംവയസ്സിൽ കടന്നപ്പോൾ, താനൊരിയ്യൽ ഉപാദ്ധ്യക്ഷസ്ഥാനം വഹിച്ചു നടത്തിപ്പോന്ന ഹാംപ്ടൻശാഖാവിദ്യാലയത്തെ മാതൃകയാക്കി, ഫീസ്സ് കൊടുപ്പാൻ കഴിവില്ലാത്ത ഏഴകളെ ഉദ്ദേശിച്ച് ഒരു നിശാപാഠശാലയും സമാരംഭിയ്യപ്പെട്ടു. ഈ ശാഖയിൽ ചേരുന്ന വിദ്യാർത്ഥികൾ വിദ്യാലയത്തിന്നു വേണ്ടി പകൽ പണിയെടുക്കണം. രണ്ടുകൊല്ലം അങ്ങനെ കഴിയ്യുന്നവർക്കു പകൽ സ്കൂളിൽചേർന്നു ക്രമമായി പഠിയ്യുവാൻ ആവശ്യമായ പണം ശേഖരിയ്യുവാൻ സാധിയ്യുമായിരുന്നു. തന്നെയുമല്ല പകൽ വിദ്യാലയത്തിൽ ചേർന്നാലും ആഴ്ചയിൽ രണ്ടുദിവസം പണിയെടുക്കുവാൻ സൌകര്യം നൽകപ്പെടുകയും ചെയ്തിരുന്നു. സാധുവിദ്യാർത്ഥികൾക്കു വിദ്യാഭ്യാസത്തോടുകൂടി ചുരുങ്ങിയനിലയിൽ ധനം സമ്പാദിയ്യുന്നതിന്നും അതു വഴിയുണ്ടാക്കിക്കൊടുത്തു. ഈ സമ്പ്രദായം ദരിദ്രന്മാർക്ക് എത്രവലിയ അനുഗ്രഹമാണെന്നു പറയേണമൊ?

ഇത്രയും പറഞ്ഞതിൽനിന്നു പൊതുസേവനത്തിൽ ടസ്കേജിവിദ്യാലയത്തിനു് ഒരു അദ്വിതീയസ്ഥാനമുണ്ടെന്നു സംസിദ്ധമായി. ഇന്നു് അതിന്റെ നിലയെന്താണു്; അതിന്റെ വളച്ചു് എത്രത്തോളം എത്തിക്കഴിഞ്ഞു എന്നൊക്കെ കാണിയ്ക്കുന്ന ചില വിവരങ്ങൾകൂടി അറിയുന്നതു രസാവഹമാണു്.

പരിജീർണ്ണമായ ഒരു ചെറുകെട്ടിടത്തിൽവെച്ചു വിദ്യാലയം സമാരംഭിക്കപ്പെട്ടതു 1881-ൽ ആണെന്നു മുമ്പെ പറഞ്ഞിട്ടുണ്ടു്. അന്നു വിദ്യാർത്ഥികളായി ലഭിച്ചതു മുപ്പതു മുതിർന്നവരെയാണു്. അദ്ധ്യാപകനായുണ്ടായിരുന്നതു ബുക്കർവാഷിങ്ടൻ മാത്രവും. എന്നാൽ ഇന്നതിലുള്ള വിദ്യാർത്ഥികളുടെ എണ്ണം രണ്ടായിരമാകുന്നു. വിദ്യാലയത്തോടനുബന്ധിച്ചു നടത്തപ്പെടുന്ന ശിശുമന്ദിരത്തിൽ ഇരുനൂറിൽപരം ചെറുകുട്ടികളുണ്ടു്.

വിദ്യാർത്ഥികൾ മുഴുവനും, അദ്ധ്യാപകന്മാരിലധികവും വിദ്യാലയത്തിൽ തന്നെ താമസിയ്ക്കുന്നവരാണു്. അതിനാവശ്യമായ സ്ഥലസൌകര്യങ്ങൾ അവിടെയുണ്ടു്. 1912-ലെ ഒരു കണക്കുപ്രകാരം വിദ്യാലയത്തിനു 2345 ഏക്കർ ഭൂസ്വത്തുക്കളും, 12,95,213 ഡാളർ (36-ലക്ഷത്തിലധികം ഉറുപ്പിക) വിലവരുന്ന എടുപ്പുകളും ഉണ്ടെന്നുകാണുന്നു. 700-ൽ അധികം ഏക്കർ ഭൂമി വിദ്യാർത്ഥികൾ കൊല്ലംതോറും കൃഷിചെയ്യുവരുന്നുണ്ടു്. എടുപ്പുകളിൽ അമ്പലവും ചിലവയൊഴിച്ചാൽ ശേഷമെല്ലാം വിദ്യാർത്ഥിനിർമ്മിതങ്ങളാണു്. കോടീശ്വരന്മാരായ പ്രഭുക്കന്മാരിൽനിന്നു ലഭിച്ച സംഭാവനകൊ

ണ്ടുണ്ടാക്കിയ സ്ഥിരംഫണ്ടിൽ 60 ലക്ഷത്തിലധികം ഉറുപ്പികയുണ്ട്.

കൃഷി, തോട്ടവേല, നാൽക്കാലിവളർത്തൽ, കോഴിവളർത്തൽ, കൊത്തുപണി, ആശാരിപ്പണി, അലക്കു മുതലായി അനേകം തൊഴിലുകളും, ശാസ്ത്രീയമായും നവീനരീതിയിലും അവിടെ അധ്യാപനം ചെയ്യപ്പെടുന്നു. വിദ്യാലയസംബന്ധമായ സകല വേലകളും ഘടീയന്ത്രതുല്യം കൃത്യവും കണിശവുമായി നടക്കുന്നതു് അവിടത്തെ ഒരു പ്രത്യേകതയാണു്. 2000 വിദ്യാർത്ഥികളും ഒരുമിച്ചു താമസിക്കുന്നതുകൊണ്ടു യാതൊരു ബഹളങ്ങളും അവിടെ ഉണ്ടാകുന്നില്ല. എല്ലാവരും ഒരേഹാളിൽ ഭക്ഷണത്തിന്നായണിനിരക്കുന്നതും, പ്രാർത്ഥനയ്ക്കായൊത്തുകൂടുന്നതും എല്ലാം പട്ടാളരീതിയിലാണു്. ഈ മഹൽസ്ഥാപനം ആഫ്രിക്ക, ക്യൂബ, പെർട്ടോറിക്ക, ജമൈക്ക ആദിയായ ദ്വീപാന്തരങ്ങളിൽനിന്നുപോലും വിദ്യാർത്ഥികളെ ആകർഷിയ്ക്കുന്നു.

കുടുംബജീവിതം.

കഥാപുരുഷന്റെ ജീവിതമഹാകാവ്യത്തിൽ 'ദാമ്പത്യം' എന്ന അദ്ധ്യായത്തിന്നു വലിയ സ്ഥാനമില്ല. അതൃപ്തി ഹ്രസ്വവും, ശോകസങ്കുലവുമാണു് അദ്ദേഹത്തിന്റെ വൈവാഹികജീവിതം. ജീവിച്ചിരുന്ന കൊല്ലങ്ങളുടെ എണ്ണം നോക്കിയല്ല, ജീവിച്ചകാലത്തിനിട

ന്ന സാധിച്ച കൃത്യങ്ങളുടെ ബാഹുല്യനോക്കിയാണ ജീവിതദൈഗ്ദ്ധ്യം ചിന്തിയ്ക്കേണ്ടതു് എന്നാണ അഭിജ്ഞമതം. ആ നിലയ്ക്ക ഗൃഹാധിവാസത്തിനു സാമാന്യസൗകര്യംപോലും ലഭ്യമാകാത്ത ബുക്കർ ടി. വാഷിങ്ടണിന്റെ ദാമ്പത്യജീവിതം കേവലം ഗ്രസ്ഥമത്രെ. "അപരനുവേണ്ടിയഹന്നിശം പ്രയതം" ചെയ്യാൻ നോമ്പുനോറ്റ മഹാത്യാഗിയ്ക്ക ലൗകികസുഖങ്ങൾ ആരായുവാൻ നേരമുണ്ടൊ? ഗൃഹജീവിതത്തിൽനിന്നു് ഉളവാകാവുന്ന സൗഖ്യങ്ങൾ അദ്ദേഹവും ആകാംക്ഷിച്ചിരുന്നു. ആത്മകഥയിൽ അദ്ദേഹം ഇങ്ങനെ പറയുന്നു.

"എല്ലായിടങ്ങളിലുംവെച്ചു് എനിയ്ക്കു് അത്യാനന്ദപ്രദമായി തോന്നിയിട്ടുള്ള എന്റെ ഗൃഹത്തിലുള്ള താമസത്തിനു കൃത്യാന്തരബാഹുല്യം സൗകര്യം നൽകാത്തതിനാൽ എനിയ്ക്കു് അനല്പമായ സങ്കടമുണ്ടു്. ദിവസംതോറും സായങ്കാലം ഗൃഹത്തിൽതന്നെ കഴിച്ചുകൂട്ടുന്നതിനു അനുവദിയ്ക്കുന്ന ജോലിയിൽ ഏർപ്പെട്ടിരിയ്ക്കുന്ന ജനങ്ങളുടെ ഭാഗ്യത്തെ ഞാൻ അസൂയയോടുകൂടി ആകാംക്ഷിയ്ക്കുന്നുണ്ടു്. അപൂർവ്വമായ ഈ മഹൽഭാഗ്യം അനുഭവിയ്ക്കുന്നതിനു സൗകര്യം ലഭിച്ചിട്ടുള്ളവർ അതിനെ വേണ്ടവണ്ണം ഉപയോഗിയ്ക്കാതിരിയ്ക്കുന്നതു മഹാകഷ്ടമെന്നേ പറവാനുള്ളു. യാത്രയേയും ഹസ്തഗൃഹണത്തേയും ജനതതിയേയും ദൂരെയാക്കി ഗൃഹത്തിൽ എത്തി സല്പനേരമെങ്കിലും തനിയ്ക്കു വേണ്ടവരുടെ സ്നേഹവാത്സല്യാദികൾക്കു വിഷയീഭൂതനായിരിയ്ക്കുന്നതു് എത്ര ആശ്വാസകരവും സന്തോഷജനകവുമാകുന്നു?"

ഇതിൽനിന്ന് അദ്ദേഹം കാര്യാന്തരങ്ങളിൽ എത്രമാത്രം വ്യാപൃതനായിരുന്നുവെന്നും എത്ര വെറിയോടുകൂടിയാണു കുടുംബജീവിതസൗഖ്യങ്ങളേയും വിശ്രമത്തേയും കാംക്ഷിച്ചിരുന്നതെന്നും വ്യക്തമാകുന്നു.

1882-ൽ അതായതു ടസ്കേജിയിൽ ജോലിതുടങ്ങി ഏതാനും മാസങ്ങൾക്കു ശേഷമാണ് അദ്ദേഹം വിവാഹം ചെയ്തത്. അദ്ദേഹത്തിന്റെ പ്രേമം സമ്പാദിച്ച വധൂരത്നം ഫാനി എൻ. സ്മിത്തു് എന്ന നീഗ്രോവനിതയാണു്. അവർ ഹാംപ്ടൻ വിദ്യാലയത്തിൽനിന്നു ബി. എ. ഡിഗ്രിയെടുത്തവരും സൽഗുണസമ്പന്നയുമായിരുന്നു. ടസ്കേജിവിദ്യാലയത്തിലെ അധ്യാപകന്മാരുടെ അധിവാസം അന്നവരുടെ ഗൃത്തിലായിരുന്നു. അങ്ങനെ പൃഥക്കായ ആ കുടുംബത്തിലെ സകലകാര്യവും അവർ കണിശമായും ജാഗ്രതയായും നോക്കിവന്നു. അതിനുപുറമെ വിദ്യാലയത്തിനുവേണ്ടിയും അത്യധികം കഷ്ടപ്പെട്ട വേലചെയ്തു. എന്നാൽ വിദ്യാലയം അഭിവൃദ്ധമായികാണുവാൻ അവൾക്കും, ആ സതീരത്നമൊരുമിച്ചുള്ള ദാമ്പത്യം ഏറെനാൾ അനുഭവിയ്ക്കുവാൻ കഥാപുരുഷനും ഭാഗ്യം സംസിദ്ധമായില്ല. വിവാഹാനന്തരം ഏതാണ്ടു രണ്ടുകൊല്ലം കഴിയുംമുമ്പെ അവർ ലോകാന്തരപ്രാപ്തയായി. ബുക്കറിനു് അവരിൽ സംജാതയായ ഏകസന്താനമാകുന്നു പോഷ്യ എം. വാഷിങ്ടൻ. പോഷ്യ ടസ്കേജിയിൽ അധ്യാപകവൃത്തിയിൽ ഏർപ്പെട്ടിരുന്നു. തുന്നൽപണിയിലും സംഗീതത്തിലും അവൾക്ക് അനിതരസാധാരണമായ വൈദുഷ്യമുണ്ട്.

1885-ൽ അദ്ദേഹം ഒളീവിയാ ഡേവിഡ്സനെ തന്റെ വരാഭ്മായി വരിച്ചു. ടസ്കേജി വിദ്യാലയത്തിലെ ഒരദ്ധ്യാപികയായി അവരെ നാം മുമ്പെത്തന്നെ പരിചയപ്പെട്ടിട്ടുണ്ടു്. വിദ്യാലയത്തിന്നുവേണ്ടി ത്യാഗപൂർവ്വം അവർ ചെയ്ത മഹൽസേവനങ്ങൾ നാം ഒശിഷ്യകയും ചെയ്തിട്ടുണ്ടു്. മിസിസ്സ് ബുക്കർ വാഷിങ്ടനായതോടുകൂടി ഡേവിഡ്സന്റെ ചുമതലകൾ സംവർദ്ധമായി. തന്റെ പൂർവ്വഗാമിയായ ഫാനിസ്മിത്ത് ഒരിച്ചുവന്ന വലിയ കുടുംബത്തിന്റെ ഭാരം അവർ കയ്യേല്ക്കേണ്ടിവന്നു. വിദ്യാലയത്തിന്നു ധനശേഖരം ചെയ്വാൻ നിർദ്ദിഷ്ടമായ സഞ്ചാരപരിപാടി തൃജിയ്ക്കുവാൻ സാധിച്ചതുമില്ല. ആയതുകൊണ്ടു തീവ്രമായ ക്ലേശങ്ങൾക്കു് അവർ വിധേയയാകയും തന്മൂലം നഷ്ടസൗഖ്യയായിഭവിയ്ക്കുകയുംചെയ്തു. ബുക്കർ ടി. വാഷിങ്ടൻ എന്ന നീഗ്രോനേതാവിന്റെ പത്നീപദം നാലുക്കൊല്ലക്കാലം സമലംകരിച്ചശേഷം 1889-ൽ അവരും പ്രപഞ്ചത്തിരയ്ക്കുള്ളിൽ തിരോഭൂതയായി. ഡേവിഡ്സൻ ബുക്കറിന്നു രണ്ടു് ആൺസന്താനങ്ങളെ പ്രദാനംചെയ്തിരുന്നു. അവരിൽ മൂത്തവനായ ബുക്കർ ചെങ്കൽനിർമ്മാണത്തിൽ വിദഗ്ധനാണു്. അദ്ദേഹം ശില്പകലാപരിശീലനത്തിനായി പരിശ്രമിച്ചുകൊണ്ടിരുന്നു. ഏർണസ്റ്റ് ഡേവിഡ്സൺ എന്ന രണ്ടാമന്റെ മോഹം വൈദ്യശാസ്ത്രവിദഗ്ധനാകേണമെന്നായിരുന്നു.

പ്രിയജനങ്ങളുടെ പ്രവാസംപോലും നിർമ്മലമനസ്കരെ ഇളക്കുവാൻ പര്യാപ്തമാണു്. അങ്ങനെയിരി

ക്കെ, അടിക്കടി സംഭവിച്ച അത്യാഹിതങ്ങൾ ബുക്കർ ടി. വാഷിങ്ടനെ എന്തുകൊണ്ടു തപ്തഹൃദയനാക്കിയില്ല? അദ്ദേഹത്തിന്റെ അന്തരംഗം അത്രമേൽ കഠിനമോ? അല്ല. പ്രിയനഷ്ടത്തെക്കുറിച്ചാലോചിച്ചുവാനോ വ്യസനിച്ചുവാനോ അദ്ദേഹത്തിനു സമയമില്ല. താൻ തന്റെ മനസ്സിനെ ശ്രേഷ്ഠതരമായ കൃത്യാന്തരത്തിൽ വ്യാപരിപ്പിച്ചിരിക്കുകയാണ്. ടസ്കേജി വിദ്യാലയവും, അതിലെ വിദ്യാർത്ഥികളുമാണ തന്റെ ജീവൻ. അവരെ ബാധിക്കാത്ത യാതൊന്നിനേയും ദുഃഖകരമായി കാണുവാൻ അദ്ദേഹത്തിനു കണ്ണുണ്ടാകയില്ല. അതു സ്വാഭാവികമാണ്.

"ഏതിൽ തടയും നിജബോധമതാ—
ണോതീടുകിൽജ്ജീവിതമായതെടോ"

എന്നാണു തത്വജ്ഞമതം. ധാർമ്മികബോധത്തോടുകൂടി ഏതെങ്കിലും വിഷയത്തിൽ ദൃഢശ്രദ്ധനായി വർത്തിക്കുന്ന ഒരുവനു് അതൊഴിഞ്ഞു് വേറെ ജീവിതാദർശമില്ല. ബുക്കർ ടി. വാഷിങ്ടന്റെ വിവാഹങ്ങൾ തന്നെ അദ്ദേഹം താനിരങ്ങിയ ധർമ്മസമരത്തിൽ കൂട്ടിനായി ചെയ്തിട്ടുള്ളതാണെന്നതു് ഇതിനൊരുദാഹരണമാകുന്നു.

തന്റെ ക്ലേശകരമായ ജീവിതസംരംഭത്തിൽ ഒരു സഹധർമ്മിണിയുടെ ആവശ്യം വീണ്ടുംനേരിട്ടു. 1893—ൽ അദ്ദേഹം മൂന്നാമതും വിവാഹം കഴിച്ചു. മൂന്നാമത്തെ ഭാര്യയുടെ പേർ മിസ്. മാർഗരറ്റ് ജെയിംസ് മുറെ എന്നാണ്. അവരും ഒരു സർവ്വകലാശാല ബിരുദധാരിയാകുന്നു. ടസ്കേജിയിൽ ഒരു അധ്യാപികയായി അ

വർ നിയമിയ്ക്കപ്പെട്ടകയും, ക്രമേണ അവിടത്തെ പ്രധാനാധ്യാപികയായിത്തീരുകയും ചെയ്തിരുന്നു. പൂവ്വ് ഗാമികളെപ്പോലെതന്നെ അവരും വിദ്യാലയത്തിന്നു വേണ്ടി ജീവിച്ചു. സ്ത്രീവിദ്യാഭ്യാസവിഷയകമായി അവർ വളരെ അധികം പ്രവർത്തിച്ചിട്ടുണ്ട്. അവർ ഒട്ടേറെ സ്ത്രീസമിതികളിൽ അംഗവും, പലതിന്റേയും അദ്ധ്യക്ഷയും ആയിരുന്നു.

ഒരു വാചാലൻ.

സ്വാങ്ങുമായുണ്ടായ സഞ്ചാരംമുതൽക്കു ബുക്കർ വാഷിങ്ടനു പ്രസംഗകലയിൽ പരിശീലനം സിദ്ധിച്ചുതുടങ്ങി. അദ്ദേഹത്തിന്റെ പ്രസംഗപാടവം പൊതുജനശ്രദ്ധയെ ഛാദാകർഷിച്ചു. മാഡിസൻനഗരത്തിൽ ഒരു വിദ്യാപ്രവർത്തകയോഗത്തിൽവെച്ചാണ് അദ്ദേഹം ഒന്നാമതായി പൊതുജനങ്ങളോട് ഒരു പ്രസംഗം ചെയ്തതു്. അന്നാമഹായോഗത്തിൽ 4000-ത്തിൽപരം ശ്രോതാക്കളുണ്ടായിരുന്നു. അന്നുമുതൽ അദ്ദേഹം ഒരു വാചാലനെന്നറിയപ്പെട്ടു. പല സ്ഥലങ്ങളിൽനിന്നു് അദ്ദേഹത്തിനു പ്രസംഗക്ഷണങ്ങൾ വന്നുകൊണ്ടിരുന്നു.

"നിങ്ങൾ പറയുന്ന ഓരോ വാക്കിലും അർത്ഥവും ആശയവും ഉണ്ടായിരിയ്ക്കണം" എന്ന ആറാം സ്വാങ്ങിന്റെ ഉപദേശം അദ്ദേഹം പ്രത്യക്ഷരം അനുഷ്ഠിച്ചു. പ്രസംഗവിഷയത്തിൽ അദ്ദേഹത്തിന്റെ വിജയരഹസ്യം അതാണു്. അദ്ദേഹം പ്രസംഗത്തിൽ ആരേയും

ആക്ഷേപിയ്ക്കുക പതിവില്ല. "ആക്ഷേപിച്ചു നന്നാക്കുക ദോഷത്തെയും, ഗുണഭാഗം മാത്രം നോക്കുന്നതു സാമത്ഥ്യവും, ദോഷത്തിൽ മാത്രം ശുദ്ധിയ്ക്കുന്നതു് അനത്ഥവു"മാണെന്നാണു് അദ്ദേഹത്തിന്റെ പക്ഷം. ഈ ഉപദേശം നമ്മുടെ പ്രസംഗവിദ്യാത്ഥികൾ ചെവിക്കൊള്ളുന്നതു് അത്യന്തം ആശാസ്യമത്രേ.

ബുക്കർ ടി. വാഷിങ്ങ്ടൻ ഒരു പ്രസംഗത്തുണ്ണനായി എന്നപോലും പറയപ്പെടണം. വെള്ളക്കാക്കു നീഗ്രോജനങ്ങളുടെ നേരേയുള്ള അവജ്ഞയും അവിശ്വാസവും ദൂരീകരിയ്ക്കുവാൻ അതൊരു മാർഗ്ഗമായി അദ്ദേഹം ദർശിച്ചു. വടക്കൻധ്രുവമാർ അടിമകളുടെ മിത്രങ്ങളായിരുന്നു. നീഗ്രോസമുദായത്തിന്റെ സ്വാതന്ത്ര്യത്തിന്നായി പ്രയത്നം ചെയ്തവരാണവർ. തദ്ധേതം ദാക്ഷിണാത്യരായ സ്വജനങ്ങളോടു് അവർ പോരാടുകപോലും ചെയ്തിട്ടുണ്ടു്. ദാക്ഷിണാത്യന്മാക്കു കറുപ്പുവർഗ്ഗത്തോടു കഠിനമായ വെറുപ്പും പകയുമുണ്ടായിരുന്നു. തന്മൂലം അവരുടെ പ്രതിനിധികളടങ്ങിയ ഒരു സഭയിൽവെച്ചു പ്രസംഗംചെയ്വാനും, അവർക്കു തന്റെ വർഗ്ഗത്തോടുള്ള വൈരത്തിന്റെ വേരുകുവാനും അദ്ദേഹം ആഗ്രഹിച്ചു. ആ മോഹം അദ്ദേഹം സാധിയ്ക്കുകയുംചെയ്തു. അതിന്നായി അടിയന്തരകൃത്യങ്ങൾ പലതും മാററിവെയ്ക്കുകയും, 2000 മൈൽ കന്നായി യാത്രചെയ്കയും വേണ്ടിവന്നു.

ചരിത്രനായകന്റെ ജീവിതത്തിലെ ഏറവും പ്രധാനമായ സംഭവം അറ്റ്ലാൻറാ പ്രദർശനാവസര

ത്തിൽ അദ്ദേഹംചെയ്ത പ്രസംഗമാകുന്നു. പ്രദർശനത്തിന്റെ നടത്തിപ്പിനുവേണ്ടി ഗവർമ്മേണ്ടിന്റെ സഹായമഭ്യർത്ഥിയ്ക്കുവാൻ ഒരു കമ്മിറ്റി രൂപീകരിയ്ക്കപ്പെട്ടു. വളരെ സങ്കോചത്തോടുകൂടിയാണ് അതിലെ അംഗമായിരിയ്ക്കാൻതന്നെ അദ്ദേഹം സമ്മതിച്ചത്. പ്രവർത്തകയോഗാംഗമെന്ന നിലയിൽ തലസ്ഥാനനഗരിയിൽചെന്ന് ഗവർമ്മേണ്ടുപ്രതിനിധിയോഗത്തിൽ അദ്ദേഹം ഒരു ശുപാർശ്പ്രസംഗം ചെയ്യേണ്ടിവന്നു. അന്നത്തെ പ്രസംഗം സമുദായോൽക്കർഷപരമായ വേലകൾ കൂടുതൽ സുഗമങ്ങളാക്കി. "സ്വാതന്ത്ര്യം ലഭിച്ചതിൽപിന്നെ നീഗ്രോസമുദായത്തിനുണ്ടായ അഭിവൃദ്ധിയെ വ്യക്തമായിക്കാണിയ്ക്കുന്നതിനു് ഒരു നീഗ്രോമന്ദിരവും, അതിനുള്ളിൽ ആ ജാതിക്കാരുടെ സാമാനങ്ങളുമുണ്ടായിരിയ്ക്കണം" എന്നും നീഗ്രോമന്ദിരം നീഗ്രോജനങ്ങൾതന്നെ പണികഴിയ്ക്കണമെന്നും പ്രദർശനക്കമ്മിറ്റി തീരുമാനിച്ചു. ഹാംപ്ടൻ, ടസ്കേജി മുതലായ ദേശങ്ങളിൽനിന്നു നീഗ്രോജനങ്ങൾ പ്രദർശനത്തിനായച്ച സാമാനങ്ങൾ ഗുണവൈശിഷ്ട്യത്തിൽ അദ്വിതീയങ്ങളും തന്മൂലം സമ്മാനാർഹങ്ങളുമായിരുന്നു. ഇതു തെക്കൻ ധരമാരെ വിസ്മയാധീനരാക്കി.

നീഗ്രോവിന്റെ പ്രദർശനവസ്തുക്കളിൽ വിലയേറിയതായി ഒന്നുണ്ടായിരുന്നു. പ്രദർശനം ഉൽഘാടനംചെയ്ത അവസരത്തിൽ ബുക്കർ ടി. വാഷിംഗ്ടൻ നടത്തിയ ഉപക്രമപ്രസംഗമത്രെ അതു്. അമേരിയ്ക്കയിലെ പ്രഭുലോകം അഭിന്നമായഭിപ്രായപ്പെട്ടതു് അങ്ങനെയാ

ണ്ട്. ഇത്ര വമ്പിച്ച ഒരു ചുമതല, രാഷ്ട്രത്തിന്റെ നാനാഭാഗങ്ങളിൽനിന്നും അനവധി മഹതീമഹാന്മാർ സന്നിഹിതരായ ഒരു മഹാസദസ്സിൽവെച്ചു, ഭംഗിയായി നിർവ്വഹിയ്ക്കുവാൻ കഴിവുള്ള നീഗ്രോ ഉണ്ടെന്നു് അതിനുമുമ്പു് ആരും വിശ്വസിച്ചിട്ടില്ല.

പ്രദർശനോൽഘാടനത്തിനു സമയം ആസന്നമായി. മലവെള്ളംപോലെ ജനക്കൂട്ടം സമ്മേളനപ്പന്തലിലേയ്ക്കു് ഇരച്ചുകയറി. വെള്ളക്കാരും കറുപ്പുമനുഷ്യരും കൂട്ടത്തിലുൾപ്പെട്ടിരുന്നു. ഇരുവർഗ്ഗങ്ങളിലെ വലിയവരും ചെറിയവരും അവിടെ സന്നിഹിതരായി. ഓരോരുവനും യഥാസ്ഥാനം ഉപവിഷ്ടനായി. ഗവർണ്ണർ ബൂത്തിലേക്ക് പ്രദർശനം ഉൽഘാടനംചെയ്യാനായി പ്രസംഗപീഠം ആരോഹണംചെയ്തു. ഒരു പ്രസംഗത്തോടുകൂടി അദ്ദേഹം ആ മംഗളകർമ്മം നിർവ്വഹിച്ചു. ജനസഞ്ചയം പുറപ്പെടുവിച്ച ജയഘോഷങ്ങളാൽ അന്തരീക്ഷം മുഖരിതമായി. സചക്രത്യനിർവ്വഹണത്തിനായി ബുക്കർ ടി. വാഷിങ്ടൻ ക്ഷണിയ്ക്കപ്പെട്ടു. പെട്ടെന്നു സമ്മേളനപ്പന്തലിനെ ഒരു നിശ്ശബ്ദത ബാധിച്ചുകളഞ്ഞു. വെള്ളക്കാർ അദ്ദേഹത്തിന്റെ അപജയംകണ്ടു് ആർത്തു ചിരിയ്ക്കുവാൻ കോപ്പുകൂട്ടി. മർമ്മഭേദകമായ ആ കാഴ്ച തങ്ങളുടെ നയനങ്ങൾക്കു വിഷയമാകരുതേ എന്നാശിച്ചുകൊണ്ടു നീഗ്രോപ്രമാണികൾ പ്രദർശനാലയത്തിന്റെ പിൻപുറത്തുചെന്നു അസ്വസ്ഥരായി ഉലാത്തിക്കൊണ്ടിരുന്നു. നീഗ്രോസമുദായത്തിന്റെ ഭാവി തന്നെ പ്രസംഗത്തിന്റെ വിജയാപജയങ്ങളെ ആശ്രയിച്ചിരി

യ്യുമെന്നറിഞ്ഞ ബുക്കർ നെഞ്ഞിടിപ്പോടും മെയ്‌വിറയ
ലോടുംകൂടി പ്ലാറുഫാറത്തെ അധിരോഹണംചെയ്തു.
സഭാവാസികളോടൊപ്പം ഉൽക്കണ്ഠപൂണ്ടു വിഷമി
യ്ക്കുന്ന വായനക്കാരെ, നിങ്ങളൊട്ടും കുണ്ഠിതപ്പെടേ
ണ്ട. സചാത്ഥപരിത്യാഗികളായ ധീരാത്മാക്കൾ ഒരി
യ്കലും പരാജയം പ്രാപിയ്കയില്ല. ബുക്കർ ടി. വാഷി
ങ്ടൻതന്നെയാണു നമുക്കതിനു ദൃഷ്ടാന്തം. സങ്കോ
ചാകുലമെങ്കിലും സുധീരവും സുദൃഢവുമായ ആ യുവ
ഹൃത്തിൽനിന്നു നിരർഗ്ഗളം നിർഗ്ഗളിച്ച വാക്കുധോരണി
മഞ്ഞത്തെ ഇളക്കിമറിയ്കുവാൻ പോന്നതായിരുന്നു.
അത്യുത്തപരതന്ത്രരായ ശ്രോതാക്കൾ നിന്നിമേഷരായി
ചിത്രത്തിലെഴുതിയ പാവകളായി പരിണമിച്ചു. പ്ര
സംഗത്തിന്റെ ഗതിയിൽ ഗവണ്ണർ ബുള്ളക്കും, സ
ഹൃദയന്മാരായ മഹാന്മാരും ഹസ്തഗ്രഹണം ചെയ്തു് അ
ദ്ദേഹത്തെ ബഹുമാനിച്ചു. അസാധാരണ ധിഷണാ
വൈഭവമുള്ള മഹാമനുഷ്യനെന്നു് അദ്ദേഹം സർവ്വരാലും
പ്രശംസിതനായി.

പത്രലോകം ആ പ്രസംഗത്തെ ഏതുവിധം സ്വീ
കരിച്ചുവെന്നതിനു താഴെ പറയുന്ന വരികൾ ദൃഷ്ടാ
ന്തം വഹിയ്കുന്നു. "ദാക്ഷിണാത്യജനങ്ങളുടെ മഹായോ
ഗത്തിൽവെച്ചു പണ്ഡിതർ ബുക്കർ ടി. വാഷിങ്ടൺ
നാൽപ്രദർശിപ്പിയ്കപ്പെട്ട വാഗ്വിലാസം സാരസ്യവും ഔ
ചിത്യവുംകൊണ്ടു് അദ്വിതീയമായിരുന്നെന്നു പറയുന്ന
തിൽ ഒട്ടും അതിശയോക്തിയില്ല." അമേരിയ്കയിലെ പ്ര
ധാന പത്രങ്ങളിലൊന്നിന്റെ അഭിപ്രായമാണിതു്. മ

റൊരു പത്രം പറയുന്നു, "ഗ്ലാഡ്സ്റ്റൻ മുതലായ അനേകം വാഗ്മികളുടെ പ്രസംഗങ്ങൾ ഞങ്ങൾ കേട്ടിട്ടുണ്ട്. അവയ്ക്ക് തുല്യമായ ഗുണവും ഫലവുമുള്ള പ്രസംഗമായിരുന്ന നമ്മുടെ കറുത്തമനുഷ്യന്റേതു് എന്നു പറവാൻ ഞങ്ങളൊട്ടും മടിയ്ക്കുന്നില്ല. തന്റെ ജനങ്ങളെ ബന്ധനത്തിൽ ഇരുത്തുന്നതിനായി ഒരു കാലം പടവെട്ടിയവരായിരുന്ന ജനങ്ങളുടെ മദ്ധ്യേനിന്നു്, ഈ കറുത്ത നീണ്ട നീഗ്രോമനുഷ്യൻ അയാളുടെ ജാതിക്കാക്കുവേണ്ടി ധീരോദാത്തതയോടുകൂടി ഗംഭീരസ്വരത്തിൽ പ്രസംഗംചെയ്തതു് അത്ഭുതപൂർവ്വമായ ഒരു സംഭവംതന്നെയായിരുന്നു." ഈദൃശങ്ങളായ സ്തോത്രവാക്യങ്ങളാൽ അദ്ദേഹത്തെ അഭിഷിക്തമാക്കുന്നതിൽ അമേരിയ്ക്കൻ പത്രങ്ങൾ മടുപ്പുകാണിച്ചില്ല.

ഐക്യനാട്ടിന്റെ ഭരണകർത്താവായ ഗ്രോവർക്ലീവ്ലാണ്ട്പോലും ബുക്കർ ടി. വാഷിങ്ടന്റെ പ്രസംഗത്തെ അഭിനന്ദിച്ചുകൊണ്ടു് അദ്ദേഹത്തിനു് എഴുത്തയച്ചു.

മദ്ധ്യേമാർഗ്ഗം വന്നണയുന്ന വൈരികളഞ്ചുമാറു തടസ്ഥങ്ങളെത്തകർത്തു കുതിച്ചുചാടുന്ന ധീരാത്മാക്കളെ ആഞ്ഞുപുൽകുവാൻ, "പഞ്ചസാരത്തരിപ്പുഞ്ചിരി തഞ്ചിന തേഞ്ചൊരിവായ്മലരോടുകൂടി" വിജയശ്രീ വെമ്പിനിൽക്കുന്നതു സാധാരണമാണു്. ബുക്കർ ടി. വാഷിങ്ടനെ ആശ്ലേഷിച്ചനുഗ്രഹിയ്ക്കുവാൻ ബഹുമതികൾ അഹമഹമികയാ കാത്തുനിൽക്കുകയായിരുന്നു. അറ്റ്ലാന്റാപ്രദർശനത്തിലെ സമ്മാനവിധികർത്താക്കന്മാരുടെ

യോഗത്തിലെ ഒരംഗമായും ഉടനെതന്നെ സിക്രട്ടറിയായും അദ്ദേഹം നിയമിയ്ക്കപ്പെട്ടു. വെള്ളക്കാരുടേയും നീഗ്രോജനങ്ങളുടേയും വിദ്യാലയങ്ങളിൽ നിന്നായക്കപ്പെട്ട സാമാനങ്ങൾ പരിശോധിച്ചു നിഷ്പക്ഷമായ വിധി പറയേണ്ട ഭാരം ഒരു നീഗ്രോവിനെ ഏല്പിയ്ക്കേണമെങ്കിൽ പൊതുജനങ്ങൾക്ക് അദ്ദേഹത്തിന്റെമേൽ എത്രമാത്രം വിശ്വാസവും ബഹുമാനവും സംജാതമായിരിയ്ക്കണമെന്നു നിങ്ങൾ ഊഹിച്ചുകൊള്ളുക.


ഒരു ക്ലിപ്തകാലം തങ്ങളുടെ കീഴിൽ പ്രസംഗംചെയ്വാൻ സമ്മതിയ്ക്കുന്നപക്ഷം പ്രസംഗം ഒന്നിനു ഇരുനൂറു ഡാളർവീതമോ, അല്ലെങ്കിൽ ഒന്നായി 50,000 ഡാളറോ പ്രതിഫലം നൽകാമെന്ന് ഒരു പ്രസംഗകാര്യാലയക്കാർ ബുക്കറെ അറിയിച്ചു. എന്നാൽ ആ സ്വാർത്ഥപരിത്യാഗി, സ്വന്തമായി ഒരു കാര്യമുപോലും കയ്യിലില്ലാതെ കഷ്ടപ്പെട്ടിരുന്ന ആ മഹാദരിദ്രൻ, ടസ്കേജി വിദ്യാലയത്തിന്റെ ഭരണത്തിൽ വീഴ്ചവന്നെങ്കിലോ എന്നു ശങ്കിച്ച് ആ ക്ഷണം സന്തോഷപൂർവ്വം തിരസ്കരിയ്ക്കുകയാണു ചെയ്തത്.

അമേരിയ്ക്കയിലെ പ്രധാന നഗരികളിൽ പലതിൽ വെച്ചും വമ്പന്മാരടങ്ങിയ മഹായോഗങ്ങളിൽ അദ്ദേഹം പ്രസംഗിച്ചിട്ടുണ്ട്. അദ്ദേഹത്തെ ക്ഷണിച്ചുവരുത്തി ഒരു പ്രസംഗമെങ്കിലും ചെയ്യിക്കാതിരുന്നാൽ അതൊരു പോരായ്മയായി അവിടത്തെ സർവ്വകലാശാലകൾപോലും കരുതി വന്നു. ബുക്കർ ടി.വാഷിങ്ടന്റെ പ്രസംഗമുണ്ടെന്നു കേട്ടാൽ അവിടെ തിങ്ങിക്കൂടുന്ന ജ

നങ്ങൾക്കു കണക്കുണ്ടായില്ല. മാഡിസൻനഗരത്തിൽ ഒരു സാഹിത്യസമാജത്തിന്റെ യോഗത്തിൽ പ്രസംഗിയ്ക്കാമെന്ന് അദ്ദേഹം ഒരിക്കൽ ഏറ്റിരുന്നു. നിശ്ചിതസമയത്തിന്നു് ഒരു മണിക്കൂർമുമ്പുമുതൽ കഠിനമായ ഹിമവർഷമാരംഭിച്ചു. യോഗം നീട്ടിവെക്കേണ്ടിവരുമെന്ന കരുതലോടെയാണ് അദ്ദേഹം സ്ഥലത്തെത്തിയതു്. അവിടെ തടിച്ചുകൂടിയിരുന്ന വമ്പിച്ച ജനക്കൂട്ടം അദ്ദേഹത്തെ വിസ്മയാധീനനാക്കുകതന്നെ ചെയ്തു.

പ്രാണൻതന്നെ പോകുമെന്നുവന്നാലും 'ന്യായൽ വഥാൽ' പ്രചലിയ്ക്കാത്ത സ്ഥിരചിത്തനും, മുഖം നോക്കാതെ സ്വാഭിപ്രായം തുറന്നുപറയുന്ന ധീരഹൃദയനുമായിരുന്ന ബുക്കർ. ടസ്കേജി ഇൻസ്റ്റിട്യൂട്ടിന്റെ പ്രാഭവത്തിനുശേഷം അബ്ദുങ്കൾ പത്തുകഴിഞ്ഞു. 'ഔട്ട്ലുക്ക്' എന്ന മാസികയുടെ അധിപർ ബുക്കർ ടി. വാഷിങ്ടനോടു ലേഖനസഹായമഭ്യർത്ഥിച്ചു. അദ്ദേഹം "നീഗ്രോ പാതിരിമാരുടെ മാതിരി" എന്ന വിഷയത്തെക്കുറിച്ചു് ഒരു ലേഖനം എഴുതി അയയ്ക്കുകയും അതു മാസികവഴി പ്രകാശിതമാകയുംചെയ്തു. നീഗ്രോ പാതിരിമാരുടെ പ്രഭിഷ്ടമായ ജീവിതരീതി ആ ലേഖനത്തിൽ ചിത്രണം ചെയ്യപ്പെട്ടിരുന്നു. ചരിത്രപുരുഷന്റെ കാംക്ഷ്യമേറിയ നിരൂപണശരങ്ങൾക്കു ലക്ഷീഭവിച്ച പാതിരിക്കൂട്ടം പ്രക്ഷുബ്ധമായി ഭവിച്ചു. അവർ അദ്ദേഹത്തിന്റെ നേരെ ഒരു സമരത്തിനുതന്നെ കോപ്പിട്ടു. സംഘംചേർന്നു പ്രതിഷേധം പ്രകടിപ്പിച്ചു. ടസ്കേജി വിദ്യാലയത്തോടു നിസ്സഹകരണമനുഷ്ഠിപ്പാൻ ജനങ്ങളെ പ്രേരിപ്പിച്ചു. ബു

ക്കുറിച്ച് അപകീർത്തികരങ്ങളായ ലേഖനങ്ങൾ പ്രസിദ്ധപ്പെടുത്തി. ഇവയൊക്കെയും ആ പുരുഷകേസരിയുടെ മുമ്പിൽ സ്വഗാംഭീര്യനങ്ങളായി പരിണമിച്ചതേയുള്ളൂ. പ്രശാന്തഗംഭീരമായ അദ്ദേഹത്തിന്റെ നിശ്ചഞ്ചലതയിൽ പാതിരിമാരുടെ അട്ടഹാസങ്ങൾ വിലയം പ്രാപിയ്ക്കുകതന്നെ ചെയ്തു.



വിദേശസഞ്ചാരം.

രാവുപകൽ വിശ്രമമെന്യേ വിദ്യാലയത്തിനു വേണ്ടി പരിശ്രമിച്ചുകൊണ്ടിരുന്ന ചരിത്രപുരുഷന്റെ ആരോഗ്യത്തെക്കുറിച്ചു പൊതുജനങ്ങൾക്കിടയിൽ ആശങ്ക ജനിച്ചു. വിശ്രമാർത്ഥം യൂറോപ്പുപര്യടനം ചെയ്യേണമെന്ന് അവരദ്ദേഹത്തെ നിർബ്ബന്ധിച്ചു. മനമില്ലാമനസ്സോടുകൂടിയെങ്കിലും അവരുടെ നിർബ്ബന്ധത്തിനു വഴിപ്പെടാതെ അദ്ദേഹത്തിനു തരമില്ലെന്നായി.

യൂറോപ്പുയാത്രയെക്കുറിച്ചറിഞ്ഞാറെ തനിയ്ക്കുണ്ടായ മനോവികാരങ്ങളെക്കുറിച്ചദ്ദേഹം ഇങ്ങനെ പറയുന്നു. "ഇതെല്ലാം വാസ്തവമാണോ, ഒരു സ്വപ്നമല്ലേ, എന്നു എന്റെ ഹൃദയത്തിൽ തോന്നി. ഞാൻ യൂറോപ്പിലേയ്ക്കു പോകയാണെന്ന സംഗതി എനിയ്ക്കു വിശ്വസിയ്ക്കുവാൻ കഴിഞ്ഞില്ല. അടിമത്വത്തിലും, അന്ധതയിലും, ദാരിദ്ര്യത്തിലും ജനിച്ചുവളർന്ന എനിയ്ക്ക് ഈ ഭാഗ്യം ഉണ്ടോയെ എന്ന ഒരു പരിഭ്രമം എനിയ്ക്കുണ്ടായി. ശൈശവ

ത്തിൽ കിടക്കാൻ സ്ഥലമില്ലാതെയും, ഉടുക്കാൻ തുണി യില്ലാതെയും കഷ്ടപ്പെട്ടവനായിരുന്ന ഞാൻ.'' ഈ സ്ഥിതിയിലുള്ള യൂറോപ്പുയാത്രയെക്കാരുങ്ങുന്നതു ഭള്ളിന്റെ തള്ളിച്ചയായി ജനങ്ങൾ വ്യാഖ്യാനിയ്ക്കുകയില്ലേ എന്നും ആ വിനയാനപിതൻ ശങ്കിച്ചു. ഏതാദൃശസംശയങ്ങൾ പൊതുജനങ്ങളുടെ നിരന്തരമായ നിബ്ബന്ധത്തിന്നു കീഴടങ്ങേണ്ടിവന്നു എന്നു പറഞ്ഞാൽ മതിയല്ലൊ. എന്നാൽ തന്റെ അഭാവത്തിൽ വിദ്യാലയത്തിന്നു യാതൊരു കോട്ടവുംതട്ടാതിരിപ്പാൻവേണ്ട കരുതലുകൾ ചെയ്തിട്ടുണ്ടെന്നു ബോദ്ധ്യപ്പെടുത്തിയശേഷമേ അദ്ദേഹം അവരുടെ നിബ്ബന്ധത്തിന്നു വഴങ്ങിയുള്ളൂ എന്നു പ്രത്യേകം ഓർമ്മിയ്ക്കേണ്ടതുണ്ട്.

1889 മേയ്മാസത്തിലാണു ബുക്കർ ടി. വാഷിങ്ങ്ടൻ പത്നീസമേതനായി യൂറോപ്പിലേയ്ക്കു പുറപ്പെട്ടതു്. ബെൽജിയം, ഹോളണ്ടു്, ഫ്രാൻസു്, ഇംഗ്ലണ്ടു് മുതലായി പലേ രാജ്യങ്ങളും അദ്ദേഹത്തിന്നു സന്ദർശിയ്ക്കുവാൻകഴിഞ്ഞു. സഞ്ചാരത്തിനിടയിൽ പാരീസുസർവ്വകലാശാലയിൽവെച്ചും, ഇംഗ്ലണ്ടിലെ എക്സിറ്റർ മന്ദിരത്തിൽവെച്ചും ബുക്കർ ഓരോ പ്രസംഗം ചെയ്തിട്ടുണ്ടു്. യാത്രയുടെ പരമോദ്ദേശം വിശ്രമമാകയാൽ മറന്നേകം ക്ഷണങ്ങൾ അദ്ദേഹം നിരസിയ്ക്കേണ്ടിവന്നു.

അദ്ദേഹത്തെ ക്ഷണിച്ചു വിരുന്നു നൽകുവാൻ ഇംഗ്ലണ്ടിലെ വിശ്രുതന്മാരായ രാജ്യമീമാംസകന്മാർപോലും തയ്യാറായി നിന്നിരുന്നു. നമ്മുടെ കുടുമ്പദമ്പതിമാരെ സാദരം സ്വീകരിച്ചാദരിയ്ക്കുന്നതിൽ ഈ വെള്ളക്കാർ കാണി

ച്ച വെമ്പൽ അദ്ദേഹത്തെ വിസ്മയാധീനനാക്കിത്തീർത്തു. ലേഡി ഏബർഡീൻ എന്ന മദാമ്മ വിൻഡ്സർകൊട്ടാരത്തിൽവെച്ച് അവരെ അന്നത്തെ ബ്രിട്ടീഷ് ചക്രവർത്തിനി ഗ്രണവതി വിക്ടോറിയാമഹാരാജ്ഞിയ്ക്ക് പരിചയപ്പെടുത്തി. അതിഥികളുടെ സ്വാർത്ഥരഹിതമായ പൊതുജനസേവാശ്രമങ്ങളറിഞ്ഞു മഹാരാജ്ഞി സന്തോഷിയ്ക്കുകയും, തേയിലവിരുന്നു നൽകി അവരെ ബഹുമാനിയ്ക്കുകയും ചെയ്തു.

പാർലിമെണ്ടുസഭായോഗം നടന്നുകൊണ്ടിരുന്ന കാലത്താണു ബുക്കർ ഇംഗ്ലണ്ടിലെത്തിയതു്. സഭാനടപടികൾ നേരിട്ടു കണ്ടറിയുവാൻ അദ്ദേഹം കോമൺസുസഭയിൽ സന്നിഹിതനായി; രാജ്യതന്ത്രപ്രവീണന്മാരായ പല മഹാന്മാരുമായി സംഭാഷണം നടത്തുകയുംചെയ്തു.

മൂന്നുമാസക്കാലം യൂറോപ്പിൽ സഞ്ചരിച്ചശേഷം അദ്ദേഹം സ്വദേശത്തേയ്ക്കു മടങ്ങി. അദ്ദേഹം യാത്രചെയ്ത കപ്പലിൽ സെൻറ്ലൂയി നഗരവാസികൾ അദ്ദേഹത്തിനുവേണ്ടി സംഭരിച്ച ഒരു ഗ്രന്ഥശേഖരമുണ്ടായിരുന്നു. ഒരുകൂട്ടം യൂറോപ്യൻസഞ്ചാരികൾ കപ്പലിൽവെച്ച് ഒരു സദിരു നടത്തുകയും, ആ അവസരത്തിൽ അദ്ദേഹത്തെക്കൊണ്ടു ഒരു പ്രസംഗം ചെയ്യിയ്ക്കുകയും ചെയ്തു. സദിരിന്റെ അവസാനം ഒരു പണപ്പിരിവുനടത്തി പിരിഞ്ഞുകിട്ടിയ സംഖ്യ ആ സഞ്ചാരികൾ അദ്ദേഹത്തിനു സമ്മാനിച്ചു. ടസ്കേജിയിൽ അനവധി വിദ്യാർത്ഥികൾക്കു സഹായധനം നൽകുവാൻ പര്യാപ്തമായ ഒരു ഫണ്ടിനു ബീജാവാപംചെയ്തതു് ഈ തുകയത്രെ.

മടക്കത്തിൽ ചാറൽസ്റ്റൻനഗരത്തിലിറങ്ങി തങ്ങളെ അനുഗ്രഹിയ്ക്കണമെന്നു തന്നഗരവാസികൾ ബുക്കർ വാഷിങ്ങ്ടനു് ഒരപേക്ഷ അയച്ചിരുന്നു. അവിടത്തെ പ്രഭുക്കന്മാർ, ഉദ്യോഗസ്ഥന്മാർ, പത്രാധിപന്മാർ തുടങ്ങി പ്രാമാണ്യമുള്ള അനവധി മഹാന്മാരുടെ ഒപ്പുകളുള്ള ആ അപേക്ഷ അദ്ദേഹത്തിനു പാരീസ്സിൽ പാർക്കുമ്പോൾതന്നെ കിട്ടിയിരുന്നു. ബുക്കർ തന്റെ ബാല്യകാലം മുഴുവൻ നികൃഷ്ടനിലയിൽ കഴിച്ചുകൂട്ടിയതെവിടെയോ, വിദ്യാഭ്യാസത്തിനായി അജ്ഞാതനായും ദരിദ്രനായും പുറപ്പെട്ടുപോയതെവിടെനിന്നോ ആ സ്ഥലമായ ചാറൽസ്റ്റൻനഗരംതന്നെയാണു്, "ജാതിനാമാദികൾക്കല്ലാ ഗുണഗണം" എന്നുദാഹരിയ്ക്കുമാറു് അദ്ദേഹത്തെ സബഹുമാനം സ്വാഗതംചെയ്യാൻ ത്വരയോടുകൂടി കാത്തുനിൽക്കുന്നതായി നാം കാണുന്നതു്.

ഉപസംഹാരം.

ബുക്കർ ടി. വാഷിങ്ങ്ടന്റെ നിസ്തുലങ്ങളായ മേന്മകൾ സർവ്വത്ര അംഗീകൃതങ്ങളായി. അമേരിയ്ക്കയിൽ ഏറ്റവും പഴക്കംചെന്ന ഹാർവേഡ് സർവ്വകലാശാല അദ്ദേഹത്തിനു എം. എ. ബിരുദം അനുവദിച്ചു നൽകി. സർവ്വകലാശാലാധികൃതന്മാർ പ്രദർശിപ്പിച്ച ഔചിത്യബോധം ബുക്കറെ സംബന്ധിച്ചിടത്തോളം വലിയ കാര്യമായി ആരും പരിഗണിച്ചില്ല. കാരണം അദ്ദേഹം അ

ഹിയ്ക്കുന്ന ബഹുമതികൾ ഈ രണ്ടക്ഷരത്തിൽ ഒതുക്കത്തക്കതല്ല. നേരെമറിച്ച് ആ മഹാമനുഷ്യന്റെ മഹിമാതിശയം മനസ്സിലാക്കിയ സവ്വകലാശാല കൂടുതൽ സംപൂജ്യതയ്ക്കു പാത്രീഭവിയ്ക്കുകയാണു ചെയ്തതു്.

അമേരിയ്ക്കയിലെ ശ്രേഷ്ഠപുരുഷൻ അവിടത്തെ പ്രസിഡണ്ടത്രെ. വാഷിങ്ടന്റെ പൊതുസേവാരതിയുടെ അലകൾ അവിടെയും ചെന്നടിയ്ക്കാതിരുന്നില്ല. 1897-ൽ പ്രസിഡണ്ട് ടസ്കേജി വിദ്യാലയം സന്ദർശിച്ചു. വിദ്യാലയത്തിന്റെ ഉന്നതമായ നിലയും, സൂക്ഷ്മവും, കണിശവുമായ കൃത്യനിവ്വഹണവും അദ്ദേഹത്തെ അത്യന്തം സന്തുഷ്ടനാക്കി. "ടസ്കേജി സാങ്കേതികവിദ്യാലയം ഉദ്ധാരോചനാപൂവ്വം സംസ്ഥാപിതവും, പൊതുജനങ്ങളുടെ ശ്രദ്ധയെ ആകഷിയ്ക്കത്തക്കതും ആയിരിയ്ക്കുന്നു. ഇതിന്റെ ഖ്യാതി ഇപ്പോൾ ദിക്കെങ്ങും പരന്നിട്ടുണ്ട്" എന്ന പ്രശംസാപത്രം അദ്ദേഹത്താൽ തൽക്ഷണം ലിഖിതമായി.

അമേരിയ്ക്കയിലെ അടുത്ത പ്രസിഡണ്ടായി സ്ഥാനാരോഹണം ചെയ്തതു വിശ്വവിശ്രുതനായ വുഡ്രൊ വിൽസ്ൺ ആണെന്നു തോന്നുന്നു. അദ്ദേഹം സ്വജാതീയരുടെ പ്രബലമായ പ്രതിഷേധം അവഗണിച്ചും ബുക്കർ വാഷിങ്ടനെ സ്വവസതിയിലേയ്ക്കു ക്ഷണിച്ചുവരുത്തി വിരുന്നു നൽകി ബഹുമാനിച്ചു. പ്രസിഡണ്ടും ബുക്കറും ഒരേ മേശയിൽനിന്നത്രെ 'തീൻ' കഴിച്ചതു്. നീഗ്രോവർഗ്ഗത്തിനു സമത്വം അനുവദിയ്ക്കുന്നതിലും അവരുമായി സഹകരിയ്ക്കുന്നതിലും വിരോധമുള്ള വെള്ളക്കാർ

This is a good and bad book.

This is a अच्छा और बुरा

By

K.S.

(PHL)

I am Complete reading this Book and I am quite happy.